<u>**KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡിനുള്ള നിബന്ധനകളും വ്യവസ്ഥകളും**</u>

ആക്സിസ് ബാങ്ക് ലിമിറ്റഡ് ("ആക്സിസ് ബാങ്ക്"), കൊ-ബ്രാൻഡിംഗ് & ഡിസ്ട്രിബ്യൂഷൻ പങ്കാളിയായ എം/എസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ("KMRL") എന്നിവയുമായി ചേർന്ന് നൽകുന്ന KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡ് ("കാർഡ്") സൗകര്യത്തിന്റെ ഇഷ്യൂവിംഗും ഉപയോഗവും നിയന്ത്രിക്കുന്നത് താഴെ പറയുന്ന വിശദമായ നിബന്ധനകളും വ്യവസ്ഥകളും ആണ്. ഈ വ്യവസ്ഥകൾ കാർഡ് ഉടമയും ബാങ്കും തമ്മിലുള്ള സമ്പൂർണ്ണ കരാറായി രൂപപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ആക്സിസ് ബാങ്ക് ഈ കാർഡ് നൽകുന്നത്.

ഈ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച്:

- ഏകവചനത്തെക്കുറിച്ചുള്ള എല്ലാ പരാമർശങ്ങളും ബഹുവചനത്തെയും, പുല്ലിംഗത്തെക്കുറിച്ചുള്ള പരാമർശങ്ങൾ സ്ത്രീലിംഗത്തെയും ഉൾക്കൊള്ളുന്നതാണ്.
- ക്ലോസ് തലക്കെട്ടുകൾ സൗകര്യത്തിനായി മാത്രമുള്ളവയാണ്; അവ ബന്ധപ്പെട്ട ക്ലോസിന്റെ അർത്ഥത്തെ ബാധിക്കുകയില്ല.
- അധികാരപരിധിയുള്ള ഏതെങ്കിലും കോടതി ഈ കരാറിലെ വ്യവസ്ഥകൾ നിയമവിരുദ്ധമോ, അസാധുവായോ അല്ലെങ്കിൽ നടപ്പിലാക്കാൻ കഴിയാത്തതായോ വിധിക്കുകയാണെങ്കിൽ, അത്തരം വ്യവസ്ഥ ഇതിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. കൂടാതെ, ബാക്കിയുള്ള നിബന്ധനകളും വ്യവസ്ഥകളും പൂർണ്ണ നിയമസാധുതയോടെ നിലനിൽക്കുന്നതും തുടരുന്നതുമാണ്.

<u>**നിർവചനങ്ങൾ:**</u>

1. **"ബാങ്ക്", "ആക്സിസ് ബാങ്ക്"** എന്നത് ആക്സിസ് ബാങ്ക് ലിമിറ്റഡിനെയും അതിന്റെ പിൻഗാമികളെയും, അവകാശികളെയും, പ്രതിനിധികളെയും, ഉപസ്ഥാപനങ്ങളെയും, അഫിലിയേറ്റുകളെയും സൂചിപ്പിക്കുന്നു
2. **"KMRL"** എന്നത് പ്രസ്തുത കാർഡ് പദ്ധതിയുമായി ബന്ധപ്പെട്ട്, ആക്സിസ് ബാങ്കിന്റെ കോ-ബ്രാൻഡിംഗ് പങ്കാളിയായി പ്രവർത്തിക്കുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനിയെയും (അതിന്റെ പിൻഗാമികളും അവകാശികളും ഉൾപ്പെടെ) സൂചിപ്പിക്കുന്നു.
3. **"കാർഡ്", "സ്മാർട്ട് കാർഡ്", "കൊച്ചി1 കാർഡ്" അല്ലെങ്കിൽ "പ്രീപെയ്ഡ് കാർഡ്"** എന്നത്, ആക്സിസ് ബാങ്കും അതിന്റെ കോ-ബ്രാൻഡിംഗ് & ഡിസ്ട്രിബ്യൂഷൻ പങ്കാളിയായ എം/എസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ("KMRL") ചേർന്ന് ഉപഭോക്താവിന് നൽകുന്ന, RuPay സൗകര്യമുള്ള ആഭ്യന്തര പ്രീപെയ്ഡ് കാർഡായ KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡിനെ സൂചിപ്പിക്കുന്നു.
4. **"കാർഡ് ഉടമ", "നിങ്ങൾ", "നിങ്ങളുടെ", "അവൻ"** അല്ലെങ്കിൽ സമാനമായ സർവ്വനാമങ്ങൾ എന്നിവ സന്ദർഭത്തിനനുസരിച്ച്, KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡ് കൈവശം വെക്കാനും ഉപയോഗിക്കാനും അനുവാദവും അധികാരവുമുള്ള ഒരു ഉപഭോക്താവിനെ സൂചിപ്പിക്കുന്നു. കാർഡ് ഉടമയെക്കുറിച്ചുള്ള എല്ലാ ലിംഗ പരാമർശങ്ങളും മറ്റ് ലിംഗത്തെയും ഉൾക്കൊള്ളുന്നതാണ്.
5. **"ATM"** എന്നത് ഇന്ത്യയിലെ ഓട്ടോമേറ്റഡ് ടെല്ലർ മെഷീനെ സൂചിപ്പിക്കുന്നു.
6. **"ലഭ്യമായ തുക"** എന്നത് ഒരു കാർഡിനെ സംബന്ധിച്ചിടത്തോളം, ആ സമയത്ത് കാർഡിൽ ഉപയോഗിക്കാൻ ലഭ്യമായിട്ടുള്ള തുകയെയാണ് അർത്ഥമാക്കുന്നത്. അതായത്, കാർഡ് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്ന്, എ) കാർഡ് ഉപയോഗിച്ച് നടത്തിയ ഇടപാടുകൾക്കായി ഉപയോഗിച്ച തുകയും,

   ബി) ബാങ്ക് കാർഡ് അക്കൗണ്ടിൽ ഈടാക്കിയ ഫീസും ചെലവുകളും കിഴിവ് ചെയ്തതിനുശേഷമുള്ള ബാക്കി തുകയാണിത്.
7. **"പിൻ"** എന്നത് വ്യക്തിഗത തിരിച്ചറിയൽ നമ്പറിനെ സൂചിപ്പിക്കുന്നു. എടിഎമ്മുകൾ ഉപയോഗിക്കുന്നതിനും, RuPay പിന്തുണയ്ക്കുന്ന ഏതെങ്കിലും പോയിന്റ്-ഓഫ്-സെയിൽ (POS) / മർച്ചന്റ് സ്ഥാപനങ്ങളിൽ പണമടയ്ക്കുന്നതിനും ഈ നമ്പർ ആവശ്യമാണ്.

ഇത് ആക്സിസ് ബാങ്ക് കാർഡ് ഉടമയ്ക്ക് അനുവദിക്കുന്നതാണ്. പിൻ നഷ്ടപ്പെടുകയോ മാറ്റിസ്ഥാപിക്കേണ്ടി വരികയോ ചെയ്യുമ്പോഴോ, സുരക്ഷാ കാരണങ്ങളാലോ കാർഡ് ഉടമയ്ക്ക് ഇത് റീസെറ്റ് ചെയ്യാവുന്നതാണ്.

8. **"ഇടപാട്"** എന്നത്, കാർഡ് ഉടമ തന്റെ കാർഡ് നേരിട്ടോ അല്ലാതെയോ ഉപയോഗിച്ച്, ആ കാർഡിൽ നിർദ്ദിഷ്ട നടപടികൾ നടപ്പിലാക്കാൻ ആക്സിസ് ബാങ്കിന് നൽകുന്ന ഏത് നിർദ്ദേശത്തെയും സൂചിപ്പിക്കുന്നു.
9. **"മർച്ചന്റ്" അല്ലെങ്കിൽ "മർച്ചന്റ് സ്ഥാപനങ്ങൾ"** എന്നത് കാർഡ് സ്വീകരിക്കുന്ന ഏത് സ്ഥലത്തുമുള്ള സ്ഥാപനങ്ങളെ സൂചിപ്പിക്കുന്നു. സ്റ്റോറുകൾ, കടകൾ, റെസ്റ്റോറന്റുകൾ, എയർലൈൻ സ്ഥാപനങ്ങൾ തുടങ്ങിയവയും, ആക്സിസ് ബാങ്കോ കൂടാതെ/അല്ലെങ്കിൽ RuPay-യോ കാലാകാലങ്ങളിൽ പരസ്യപ്പെടുത്തുന്ന മറ്റ് സ്ഥലങ്ങളും/സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുന്നതാണ്.
10. **"EDC" അല്ലെങ്കിൽ "ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ"** അല്ലെങ്കിൽ **"POS മെഷീൻ"** അല്ലെങ്കിൽ **"പോയിന്റ്-ഓഫ്-സെയിൽ ഡിവൈസ്"** എന്നത്, മർച്ചന്റ് സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ കാർഡ് അക്കൗണ്ടിൽ നിന്ന് തുക ഈടാക്കാൻ അനുവദിക്കുന്ന, ഷെയർ ചെയ്ത നെറ്റ്‌വർക്കിലുള്ള ഇലക്ട്രോണിക് പോയിന്റ്-ഓഫ്-സെയിൽ സ്വൈപ്പ് ടെർമിനലുകളെ സൂചിപ്പിക്കുന്നു. ഇത് ആക്സിസ് ബാങ്കിന്റേതോ മറ്റേതെങ്കിലും ബാങ്കിന്റേതോ ആകാം.
11. **"RuPay"** എന്നത് നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ("NPCI") ഉടമസ്ഥതയിലുള്ള രജിസ്റ്റർ ചെയ്ത പേയ്മെന്റ് നെറ്റ്‌വർക്കും/പദ്ധതിയുമാണ്. പ്രീപെയ്ഡ് കാർഡുകൾ ഇഷ്യൂ ചെയ്യുന്നതിനായി ആക്സിസ് ബാങ്ക് NPCI-യുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്, കൂടാതെ NPCI/RuPay ബ്രാൻഡഡ് കാർഡുകളിൽ ഇത് സാധാരണയായി പ്രദർശിപ്പിച്ചിട്ടുണ്ടാകും.
12. **"RuPay നെറ്റ്‌വർക്ക്"** എന്നത് പ്രീപെയ്ഡ് കാർഡ് സ്വീകരിക്കുന്നതും RuPay ചിഹ്നങ്ങൾ പ്രദർശിപ്പിക്കുന്നതുമായ എടിഎമ്മുകളെ സൂചിപ്പിക്കുന്നു.

ഭാരതത്തിലെ ഗുജറാത്ത്, അഹമ്മദാബാദ്-380006, എല്ലിസ് ബ്രിഡ്ജ്, ലോ ഗാർഡൻ, സമർത്തേശ്വർ ക്ഷേത്രത്തിന് എതിർവശത്തുള്ള "ത്രിശൂൽ" എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്ത ഓഫീസുള്ള ആക്സിസ് ബാങ്ക് ലിമിറ്റഡ്, തന്റെ കോ-ബ്രാൻഡിംഗ് & ഡിസ്ട്രിബ്യൂഷൻ പങ്കാളിയായ എം/എസ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി ചേർന്ന്, താഴെ പറയുന്ന നിബന്ധനകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് ഈ കാർഡ് നൽകുന്നത്:

ബാധകമാകുന്ന വ്യവസ്ഥകൾ

ആക്സിസ് ബാങ്ക് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന രൂപത്തിലും രീതിയിലും കാർഡിനായി അപേക്ഷിച്ചുകൊണ്ടോ, കാർഡിനുള്ള അപേക്ഷ സമർപ്പിച്ചുകൊണ്ടോ, കാർഡ് ഉപയോഗിച്ചുകൊണ്ടോ അല്ലെങ്കിൽ സ്വീകരിച്ചുകൊണ്ടോ കാർഡ് ഉടമ ഈ നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കുകയും യാതൊരു ഉപാധികളുമില്ലാതെ അവ അംഗീകരിക്കുകയും ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്. കൂടാതെ, കാർഡ് ലഭിച്ചതായി രേഖാമൂലം സ്ഥിരീകരിച്ചുകൊണ്ടോ, കാർഡിന്റെ പിൻഭാഗത്ത് ഒപ്പിട്ടുകൊണ്ടോ, അല്ലെങ്കിൽ കാർഡ് ഉപയോഗിച്ച് ഒരു ഇടപാട് നടത്തിയുകൊണ്ടോ കാർഡ് ഉടമ ഈ നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കി അംഗീകരിച്ചതായി കണക്കാക്കപ്പെടും. കൂടാതെ അദ്ദേഹം ഇവയ്ക്ക് വിധേയനായിരിക്കുകയും ചെയ്യും. ഭാരതീയ റിസർവ് ബാങ്കിന്റെ (RBI) പ്രസക്തമായ ചട്ടങ്ങൾ, RBI-യുടെ വിദേശവ്യാപാര നിയന്ത്രണ ചട്ടങ്ങൾ, ഏതെങ്കിലും നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയ/ബാധകമായതുമായ എല്ലാ ചട്ടങ്ങളും നിയമങ്ങളും, കൂടാതെ നിലവിലുള്ള മറ്റ് അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം കാർഡ് ഉടമ സ്വീകരിക്കുന്നു.

ആക്സിസ് ബാങ്കുമായുള്ള കാർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കാർഡ് ഉടമ ബാധ്യസ്ഥനായി തുടരുന്നതാണ്.

കാർഡിന്റെ കാലാവധിയും ഉപയോഗവും

1. ഈ കാർഡ് ഇന്ത്യയിൽ മാത്രമേ ഉപയോഗിക്കാൻ കഴിയൂ.
2. കാർഡ് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ പരമാവധി മൂന്ന് വർഷമാണ് കാർഡിന്റെ കാലാവധി. കാർഡിൽ അതിന്റെ കാലാവധിയായി രേഖപ്പെടുത്തിയിരിക്കുന്ന മാസത്തെ അവസാന തീയതി വരെ കാർഡ് സാധുതയുള്ളതായിരിക്കും.
3. കാർഡുമായോ ഇടപാടുകളുമായോ ബന്ധപ്പെട്ട് ബാങ്കുമായി നടത്തുന്ന എല്ലാ ആശയവിനിമയങ്ങളും കാർഡ് ഉടമ മാത്രമായിരിക്കണം നടത്തേണ്ടത്. കാർഡുകളുമായി ബന്ധപ്പെട്ട് ബാങ്ക് നടത്തുന്ന ഏത് ആശയവിനിമയവും ബാങ്കിന്റെ വെബ്സൈറ്റ് വഴിയോ അല്ലെങ്കിൽ അപേക്ഷകന് നേരിട്ടോ ലഭ്യമാക്കുന്നതാണ്.
4. ലഭ്യമായ തുകയുടെ പരിധിക്ക് ഉള്ളിൽ നിന്ന് മാത്രമേ കാർഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്താൻ പാടുള്ളൂ.
5. കാർഡ് ഉപയോഗിക്കേണ്ടത് കാർഡ് ഉടമയാണ്; ഇത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
6. കാർഡ് ഉപയോഗിച്ച് ഒരു ഇടപാട് നടത്തുമ്പോൾ, അന്നേരം ലഭ്യമായിട്ടുള്ള തുകയിൽ നിന്ന് പ്രസ്തുത തുക കുറവ് ചെയ്ത്, ഇടപാടിന് ശേഷമുള്ള പുതിയ ലഭ്യമായ തുക കണക്കാക്കുന്നതാണ്. ഇടപാട് പ്രോസസ്സ് ചെയ്യുന്നതിന് ആവശ്യമായ തുക കാർഡിൽ ലഭ്യമല്ലെങ്കിൽ, കാർഡിൽ ആവശ്യത്തിന് തുക ലോഡ് ചെയ്യുന്നത് വരെ ആ ഇടപാട് പ്രോസസ്സ് ചെയ്യുന്നതല്ല.
7. കാർഡിന്റെ ഉപയോഗം KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡിന്റെ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചതായി കണക്കാക്കപ്പെടും.
8. കൊച്ചി1 കാർഡിൽ പണം പിൻവലിക്കാനുള്ള സൗകര്യം ലഭ്യമാകുന്നതല്ല.
9. കാർഡിൽ ലഭ്യമായതോ ലോഡ് ചെയ്തിട്ടുള്ളതോ ആയ തുകയ്ക്ക് ബാങ്ക് യാതൊരുവിധ പലിശയും നൽകുന്നതല്ല.
10. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള 'ഔദ്യോഗികമായി സാധുതയുള്ള രേഖകളിൽ' ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ സമർപ്പിച്ചുകൊണ്ട്, മിനിമം KYC പ്രകാരം കാർഡ് ഉടമയ്ക്ക് മാസത്തിൽ പരമാവധി ₹5,000/- (അയ്യായിരം രൂപ മാത്രം) വരെ തുക ലോഡ് ചെയ്ത് കാർഡ് ഉപയോഗിക്കാവുന്നതാണ്. ഏത് സമയത്തും കാർഡിലെ ബാലൻസ് ₹5,000/- ൽ (അയ്യായിരം രൂപ മാത്രം) അധികരിക്കാൻ പാടില്ല. ഈ പരിധിക്ക് അപ്പുറമുള്ള മറ്റ് ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് ഇടപാടുകൾ ബാങ്ക് നിയന്ത്രിക്കുന്നതാണ്. കാർഡ് ഉടമ മിനിമം KYC-യിൽ നിന്ന് (പണം ലോഡ് ചെയ്യാൻ സൗകര്യമുള്ള ചെറിയ PPI) പുതിയ മിനിമം KYC-യിലേക്ക് (പണം ലോഡ് ചെയ്യുന്ന സൗകര്യം ഒഴിവാക്കിയ ചെറിയ PPI) മാറുകയാണെങ്കിൽ, ബാധകമായ പരിധികൾ അതേപടി തുടരുന്നതാണ്; എങ്കിലും പണം ലോഡ് ചെയ്യുന്നത് നിയന്ത്രിക്കുന്നതായിരിക്കും
11. മുഴുവൻ KYC നടപടികളും പൂർത്തിയാക്കുന്ന മുറയ്ക്ക്, കാർഡ് ഉടമയ്ക്ക് മാസത്തിൽ പരമാവധി ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) വരെ കാർഡിൽ ലോഡ് ചെയ്യാവുന്നതാണ്. ഏത് സമയത്തും കാർഡിലെ ബാലൻസ് ₹1,00,000/- ൽ (ഒരു ലക്ഷം രൂപ മാത്രം) കൂടുതൽ ആകാൻ പാടില്ല. ഇതിനു ശേഷമുള്ള തുക വീണ്ടും ലോഡ് ചെയ്യുന്ന ഇടപാടുകൾ ബാങ്ക് നിയന്ത്രിക്കുന്നതാണ്.
12. ഇന്ത്യയിലെ RuPay പിന്തുണയ്ക്കുന്ന ഏതെങ്കിലും മർച്ചന്റ് ഔട്ട്ലെറ്റ് ടെർമിനലുകളിൽ ഈ KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡ് പൂർണ്ണമായ സുരക്ഷയോടെ ഉപയോഗിക്കാവുന്നതാണ്.

13. ബാലൻസ് അന്വേഷണത്തിനും സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കും വേണ്ടിമാത്രം, ഫോൺ ബാങ്കിംഗ്, SMS ബാങ്കിംഗ്, കൊച്ചി1 മൊബൈൽ ആപ്പ്, ഓൺലൈൻ പോർട്ടൽ എന്നീ സൗകര്യങ്ങളും ബാങ്ക് ഈ കാർഡിനൊപ്പം നൽകുന്നുണ്ട്. ഇന്ററർനെറ്റ് ബാങ്കിംഗ് വഴിയുള്ള എല്ലാ ഫണ്ട് ട്രാൻസ്ഫർ സൗകര്യങ്ങളും ബ്ലോക്ക് ചെയ്തിരിക്കുന്നതാണ്.

<u>**കാർഡ് ഉടമയുടെ ബാധ്യതകളും പ്രതിജ്ഞകളും**</u>

1. മേൽവിലാസത്തിൽ മാറ്റം വരികയാണെങ്കിൽ കാർഡ് ഉടമ ഉടൻ തന്നെ ബാങ്കിനെ വിവരം അറിയിക്കേണ്ടതാണ്.
2. കാർഡ് എപ്പോഴും സുരക്ഷിതമായി സൂക്ഷിക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം കാർഡ് ഉടമയ്ക്കാണ്.
3. ഈ കാർഡ് ബാങ്കിന്റെ ഉടമസ്ഥതയിലുള്ളതാണ്. ബാങ്ക് ആവശ്യപ്പെടുകയാണെങ്കിൽ ഇത് ബാങ്കിന്റെ അധികാരപ്പെട്ട വ്യക്തിക്ക് തിരികെ നൽകേണ്ടതാണ്. കാർഡ് കൈമാറുന്നതിന് മുമ്പ് ബാങ്കിന്റെ ആധികാരിക പ്രതിനിധിയുടെ തിരിച്ചറിയൽ കാർഡ് ഉടമ ഉറപ്പുവരുത്തേണ്ടതാണ്
4. കാർഡ് ഉപയോഗിച്ച് നടത്തുന്ന എല്ലാ ഇടപാടുകൾക്കും അതുമായി ബന്ധപ്പെട്ട ചാർജുകൾക്കും കാർഡ് ഉടമ ഉത്തരവാദിയായിരിക്കും.
5. തന്റെ അഭ്യർത്ഥനപ്രകാരവും സ്വന്തം ഉത്തരവാദിത്തത്തിലും ആണ് ബാങ്ക് തനിക്ക് കാർഡ് നൽകിയതെന്നും, കാർഡ് ഉപയോഗിച്ച് രേഖപ്പെടുത്തുന്ന എല്ലാ ഇടപാടുകളുടെയും പൂർണ്ണ ഉത്തരവാദിത്തം താൻ ഏറ്റെടുക്കുന്നുവെന്നും കാർഡ് ഉടമ അംഗീകരിക്കുന്നു.
6. കാർഡ് വഴി നൽകുന്ന നിർദ്ദേശങ്ങൾ ഒരിക്കൽ നൽകിക്കഴിഞ്ഞാൽ പിന്നീട് മാറ്റാൻ സാധിക്കാത്തവയാണ്.
7. തന്റെ അറിവോടെയോ അല്ലാതെയോ, വ്യക്തമായോ അല്ലാതെയോ ഉള്ള അനുവാദത്തോടെയോ അല്ലാതെയോ പ്രോസസ്സ് ചെയ്യപ്പെട്ടതാണെങ്കിലും, കാർഡിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് എല്ലാ സാഹചര്യങ്ങളിലും കാർഡ് ഉടമ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു.
8. കാർഡ് ഉപയോഗിച്ച് ഇടപാടുകൾക്കായി ഉപയോഗിക്കുന്ന തുക കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ കാർഡ് ഉടമ ബാങ്കിന് അനുവാദം നൽകുന്നു. ഈ അനുവാദം പിൻവലിക്കാൻ സാധിക്കില്ല.
9. ഇടപാടുകളുടെ അടിസ്ഥാനത്തിൽ സദുദ്ദേശ്യത്തോടും സാധാരണ ബാങ്കിംഗ് നടപടിക്രമങ്ങളുടെ ഭാഗമായും ബാങ്ക് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ബാങ്കിനെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കാർഡ് ഉടമ നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥനാണ്.
10. ഇടപാടുകൾ നടപ്പിലാക്കാൻ ബാങ്ക് പരമാവധി ശ്രമിക്കുന്നതായിരിക്കും. എങ്കിലും ഇടപാടോ നിർദ്ദേശമോ നടപ്പിലാക്കുന്നതിലുണ്ടാകുന്ന താമസമോ സാധ്യമാകാതെ വരുന്നതോ ഉൾപ്പെടെയുള്ള ഏതെങ്കിലും കാരണങ്ങളാൽ കാർഡ് ഉടമയ്ക്കോ മറ്റേതെങ്കിലും വ്യക്തിക്കോ ഉണ്ടാകുന്ന യാതൊരുവിധ നഷ്ടത്തിനും ബാങ്ക് ഉത്തരവാദിയായിരിക്കില്ല.
11. ഒരു ഇടപാടുമായോ കാർഡ് അക്കൗണ്ടിലെ എൻട്രിയുമായോ ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പ്രസ്തുത ഇടപാട് നടന്ന് അല്ലെങ്കിൽ എൻട്രി രേഖപ്പെടുത്തി 7 ദിവസത്തിനുള്ളിൽ കാർഡ് ഉടമ ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം, ഉപഭോക്താവിന്റെ ബാധ്യത ബാങ്കിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള അംഗീകൃത നയപ്രകാരം നിർണ്ണയിക്കുന്നതാണ്.
12. കാർഡ് ആവശ്യമില്ലാതെ വരുമ്പോഴോ, കാലാവധി കഴിയുമ്പോഴോ, അല്ലെങ്കിൽ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന് ശേഷം തിരികെ ലഭിക്കുമ്പോഴോ കാർഡ് ഉടമ അത് ബാങ്കിന് തിരികെ നൽകേണ്ടതാണ്.
13. കാർഡ് സ്വീകരിക്കാൻ സമ്മതിക്കുകയും RuPay ഇടപാടുകൾ പ്രോസസ്സ് ചെയ്യാൻ കഴിയുന്ന പോയിന്റ്-ഓഫ്-സെയിൽ അതായത് EDC ടെർമിനൽ സൗകര്യമുള്ളതുമായ റീട്ടെയിൽ സ്ഥാപനങ്ങളിൽ സാധനങ്ങൾ വാങ്ങുമ്പോൾ പണം നൽകാൻ കാർഡ് ഉടമയ്ക്ക് തന്റെ കാർഡ് ഉപയോഗിക്കാവുന്നതാണ്. കാർഡ് ഉപയോഗിക്കാൻ മറ്റേതെങ്കിലും വ്യക്തിക്ക് കാർഡ് ഉടമ അനുവാദം നൽകുകയാണെങ്കിൽ, പ്രസ്തുത വ്യക്തിക്ക് കാർഡ് ഉപയോഗിക്കാൻ കാർഡ് ഉടമ അനുവാദം നൽകിയതായി ബാങ്ക് കണക്കാക്കും. കൂടാതെ ആ വ്യക്തി കാർഡ് ഉപയോഗിച്ച് നടത്തുന്ന ഏതെങ്കിലും ഇടപാടുകൾക്ക് കാർഡ് ഉടമ ഉത്തരവാദിയായിരിക്കും. POS ഉപകരണങ്ങൾ വഴിയോ

മറ്റ് വാങ്ങൽ ഇടപാടുകൾ വഴിയോ വാങ്ങലുകൾ നടത്തുമ്പോൾ കാർഡിൽ ലഭ്യമായ തുക ആ പണത്തിന്റെ അളവിൽ കുറയുന്നതാണ്.

14. റെസ്റ്റോറന്റ് ടിപ്പുകളും മറ്റ് സർച്ചാർജുകളും പോലുള്ള, കാർഡ് വാങ്ങുമ്പോൾ ഉപഭോക്താവ് നൽകിയ തുകയേക്കാൾ കൂടുതൽ കാർഡിൽ ചെലവഴിക്കുന്ന തുകയെല്ലാം ബാങ്കിന് നൽകാൻ കാർഡ് ഉടമ സമ്മതിക്കുന്നു.

15. അക്കൗണ്ടിൽ റിപ്പോർട്ട് ചെയ്ത സമയവും കൂടാതെ/അല്ലെങ്കിൽ ഇടപാടുകളും സംബന്ധിച്ചോ അല്ലെങ്കിൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളിലോ തർക്കങ്ങൾ ഉണ്ടായാൽ, തർക്കമുള്ള ഇടപാടിന്റെ സമയവും കൂടാതെ/അല്ലെങ്കിൽ അതിന്റെ ആധികാരികതയും പരിശോധിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. മൂന്നാം കക്ഷിയുടെ തട്ടിപ്പ് മൂലമോ അല്ലെങ്കിൽ തട്ടിപ്പിൽ നിങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടാകാത്തതുമായ സാഹചര്യങ്ങളിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിലുണ്ടാകുന്ന അനധികൃത ഇടപാടുകൾ സംബന്ധിച്ച നിങ്ങളുടെ ബാധ്യത, "ഉപഭോക്തൃ സംരക്ഷണം - അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ ഉപഭോക്താക്കളുടെ പരിമിതമായ ബാധ്യത" എന്ന RBI സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർണ്ണയിക്കപ്പെടുന്നതാണ്. കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നതുപോലെയുള്ള ചട്ടങ്ങളിലെ മാറ്റങ്ങൾ ആ സമയത്ത് ബാധകവും കർശനമായി പാലിക്കേണ്ടതുമാണ്.

<u>കാർഡിനായുള്ള അപേക്ഷ</u>

KMRL ആക്സിസ് ബാങ്ക് കൊച്ചി1 ട്രാൻസിറ്റ് കാർഡ് എടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തി ഏതെങ്കിലും KMRL മെട്രോ സ്റ്റേഷൻ ഇഷ്യൂവൻസ് കൗണ്ടറിലോ അല്ലെങ്കിൽ ആക്സിസ് ബാങ്ക് വെബ്സൈറ്റിലോ ഓൺലൈൻ പോർട്ടലിലോ അറിയിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും സ്ഥലത്തോ സന്ദർശിക്കേണ്ടതാണ്. KMRL മെട്രോയിലും, RuPay പിന്തുണയ്ക്കുന്ന മർച്ചന്റ് ഔട്ട്ലെറ്റുകളിലും, ഇ-കോമേഴ്സ് ഷോപ്പിംഗ്, ഓൺലൈൻ ബിൽ പേയ്മെന്റുകൾ, കൊച്ചി1 മൊബൈൽ ആപ്പ് വഴിയുള്ള ക്യൂആർ ടിക്കറ്റ് വാങ്ങലുകൾ തുടങ്ങിയ ഓൺലൈൻ പേയ്മെന്റുകൾക്കും ഉപയോഗിക്കാവുന്ന ഒരു കൊച്ചി1 കാർഡ് അയാൾക്ക്/അവൾക്ക് നൽകുന്നതാണ്.

ഈ കാർഡിനായി അപേക്ഷിക്കുന്നതിലൂടെ, ആക്സിസ് ബാങ്ക് ട്രാൻസിറ്റ് കാർഡുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളുടെ നിബന്ധനകളും വ്യവസ്ഥകളും താൻ വായിച്ചു മനസ്സിലാക്കിയതായി ഉപഭോക്താവ് അംഗീകരിക്കുന്നു. ആക്സിസ് ബാങ്ക് ലിമിറ്റഡിൽ നിന്ന് മേൽപ്പറഞ്ഞ കാർഡ് തനിക്ക് നൽകണമെന്ന് അദ്ദേഹം പ്രത്യേകമായി ആവശ്യപ്പെട്ടിരിക്കുന്നു. ബാങ്കിന്റെ ബാധ്യത പരിമിതപ്പെടുത്തുന്ന/ഒഴിവാക്കുന്നവ ഉൾപ്പെടെയുള്ള പ്രസ്തുത നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയനാകാൻ അദ്ദേഹം സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. മുൻകൂട്ടി അറിയിപ്പുകളൊന്നും കൂടാതെ ബാങ്കിന് പൂർണ്ണ വിവേചനാധികാരത്തോടെ ഏതെങ്കിലും സേവനങ്ങൾ പൂർണ്ണമായോ ഭാഗികമായോ നിർത്തലാക്കാൻ കഴിയുമെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. കാലാകാലങ്ങളിൽ ബാധകമാകുന്ന സേവന ചാർജുകൾ, ഇഷ്യൂവൻസ്/ആനുവൽ/ലോഡിംഗ് ചാർജുകൾ എന്നിവയ്ക്കായി ബാങ്കിന് കാർഡിൽ നിന്ന് തുക ഈടാക്കാവുന്നതാണെന്ന് അദ്ദേഹം സമ്മതിക്കുന്നു. ബാങ്കും കമ്പനിയും തമ്മിൽ ഒപ്പുവെച്ച ധാരണ പ്രകാരം കാർഡിൽ ഇഷ്യൂവൻസ്/ആനുവൽ/ലോഡിംഗ് ചാർജുകൾ ഈടാക്കിയേക്കാമെന്നും അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്യുന്നു. ഈ കാർഡിന്റെ ഏക ഉടമ താനാണെന്ന് അദ്ദേഹം സ്ഥിരീകരിക്കുന്നു. പ്രീപെയ്ഡ് ഇൻസ്ട്രുമെന്റുകൾക്കായി RBI നിഷ്കർഷിച്ചിട്ടുള്ള പരിധി കവിഞ്ഞ് കാർഡ് അക്കൗണ്ടിലെ ബാലൻസ് ഉയരാൻ പാടില്ലെന്ന് അദ്ദേഹം പൂർണ്ണമായും ബോധവാനാണ്. തന്റെ കാർഡിന്റെ പൂർണ്ണ ഉത്തരവാദിത്തം അദ്ദേഹം സ്വീകരിക്കുകയും ആക്സിസ് ബാങ്കിനെതിരെ യാതൊരുവിധ അവകാശവാദങ്ങളും ഉന്നയിക്കില്ലെന്ന് സമ്മതിക്കുകയും ചെയ്യുന്നു. അദ്ദേഹം തന്റെ നമ്പറും ബയോമെട്രിക് വിവരങ്ങളും സമർപ്പിക്കുകയും, UIDAI നിന്ന് തന്റെ വിവരങ്ങൾ ആധികാരികത പരിശോധിക്കുന്നതിനായി തന്റെ വിവരങ്ങൾ ഉപയോഗിക്കുന്നതിന് സ്വമേധയാ സമ്മതം നൽകുകയും ചെയ്യുന്നു. ആധികാരികത പരിശോധനയ്ക്ക് വിധേയമായി പങ്കുവെക്കപ്പെട്ടേക്കാവുന്ന വിവരങ്ങളുടെ സ്വഭാവത്തെക്കുറിച്ച് അദ്ദേഹത്തിന് വിശദീകരിച്ചു നൽകിയിട്ടുണ്ട്. മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്കല്ലാതെ അല്ലെങ്കിൽ നിയമപരമായ ആവശ്യങ്ങൾക്കല്ലാതെ, ബാങ്കിന് സമർപ്പിച്ച അദ്ദേഹത്തിന്റെ വിവരങ്ങൾ മറ്റൊന്നിനും ഉപയോഗിക്കില്ല എന്ന് അദ്ദേഹത്തിന് ബോധ്യം നൽകിയിട്ടുണ്ട്. താൻ സ്വമേധയാ നൽകിയ എല്ലാ വിവരങ്ങളും സത്യവും കൃത്യവും പൂർണ്ണവുമാണെന്ന് അദ്ദേഹം ഇതിനാൽ പ്രഖ്യാപിക്കുന്നു. ഉപഭോക്താവും കാർഡുമായി

ബന്ധപ്പെട്ട എല്ലാ ഡാറ്റയും കാർഡ് ഹോസ്റ്റ് സിസ്റ്റത്തിൽ അതേപടി സൂക്ഷിക്കുമെന്ന കാര്യം അദ്ദേഹം അറിയുന്നു. ഹോസ്റ്റ് സിസ്റ്റം ആക്സിസ് ബാങ്കിനുള്ളിൽ ഹോസ്റ്റ് ചെയ്തതോ അല്ലെങ്കിൽ ആക്സിസ് ബാങ്ക് ലൈസൻസ് നൽകിയതോ ആകാം, എന്നാൽ അത് ബാങ്ക് സർവറുകൾക്ക് പുറത്തായിരിക്കും പ്രവർത്തിക്കുന്നത്.

<u>കാർഡ് സുരക്ഷ</u>

1. കാർഡിന്റെ സുരക്ഷയ്ക്കായി കാർഡ് ഉടമ ഉത്തരവാദിയായിരിക്കുമെന്നും, കാർഡ് സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.
2. അനധികൃത ഉപയോഗം ഒഴിവാക്കുന്നതിനായി കാർഡ് ലഭിച്ച ഉടൻ തന്നെ കാർഡ് ഉടമ അതിന്റെ പിൻഭാഗത്ത് ഒപ്പിടേണ്ടതാണ്.

<u>മർച്ചന്റ് ലൊക്കേഷനും പോയിന്റ്-ഓഫ്-സെയിൽ ഉപയോഗവും</u>

1. എടിഎമ്മുകളിലോ (ATM), പോയിന്റ്-ഓഫ്-സെയിലിലോ (POS), RuPay പിന്തുണയ്ക്കുന്ന മർച്ചന്റ് ഔട്ട്‌ലെറ്റുകളിലോ പണം പിൻവലിക്കാനോ നിക്ഷേപിക്കാനോ ഉള്ള അനുവാദമില്ല.
2. ഇന്ത്യയിലെ RuPay ലോഗോ പ്രദർശിപ്പിച്ചിട്ടുള്ള മർച്ചന്റ് ഔട്ട്‌ലെറ്റുകളിലെ എല്ലാ ഇലക്ട്രോണിക് പോയിന്റ്-ഓഫ്-സെയിൽ ടെർമിനലുകളിലും ഈ കാർഡ് സ്വീകരിക്കുന്നതാണ്.
3. ഏതെങ്കിലും പരിസരത്ത് പ്രദർശിപ്പിച്ചിരിക്കുന്ന RuPay ചിഹ്നത്തിനായുള്ള കാർഡ് പ്രൊമോഷണൽ മെറ്റീരിയൽ, ആ പരിസരത്ത് ലഭ്യമാകുന്ന എല്ലാ സാധനങ്ങളും സേവനങ്ങളും കാർഡ് ഉപയോഗിച്ച് വാങ്ങാം എന്നതിനുള്ള ഉറപ്പല്ല.
4. ഈ കാർഡ് ഇലക്ട്രോണിക് ഉപയോഗത്തിനുള്ളതാണ്, കൂടാതെ EDC ടെർമിനൽ ഉള്ള മർച്ചന്റുകളിൽ മാത്രമേ ഇത് സ്വീകാര്യമാകൂ. ഇലക്ട്രോണിക് ഉപയോഗമല്ലാത്ത ഏതൊരു കാർഡ് ഉപയോഗവും അനധികൃതമായി കണക്കാക്കപ്പെടുന്നതും, അത്തരം ഇടപാടുകൾക്ക് കാർഡ് ഉടമ മാത്രമായി ഉത്തരവാദിയായിരിക്കുന്നതുമാണ്. EDC ടെർമിനലിൽ നിന്ന് ഇലക്ട്രോണിക് രീതിയിൽ പ്രിന്റ് ചെയ്തെടുക്കുന്ന ചാർജ് സ്ലിപ്പ് / ട്രാൻസാക്ഷൻ സ്ലിപ്പ് എന്നിവയാണ് ഇലക്ട്രോണിക് ഉപയോഗമായി കണക്കാക്കുന്നത്.
5. മർച്ചന്റ് സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് പോയിന്റ്-ഓഫ്-സെയിൽ ടെർമിനലുകളിൽ കാർഡ് ഉപയോഗിക്കുന്നതിന് പിൻ (PIN) നിർബന്ധമായും ആവശ്യമാണെന്ന കാര്യം ശ്രദ്ധിക്കുക.
6. കാർഡ് ഉടമയുടെ ഒപ്പ് പതിഞ്ഞിട്ടുള്ള കാർഡുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
7. EDC ടെർമിനൽ സെയിൽസ് റെസീപ്റ്റ് ജനറേറ്റ് ചെയ്തുകഴിഞ്ഞാൽ ഇടപാടുകൾ അംഗീകരിക്കപ്പെട്ടതും പൂർത്തിയായതുമായി കണക്കാക്കപ്പെടുന്നു.
8. മർച്ചന്റ് ലൊക്കേഷനിൽ ഒറ്റ വാങ്ങൽ ആവശ്യത്തിനായി കാർഡ് ഒരിക്കൽ മാത്രം ഉപയോഗിക്കുന്നുണ്ടെന്ന് കാർഡ് ഉടമ ഉറപ്പാക്കേണ്ടതാണ്.
9. കാർഡ് ഉപയോഗിക്കുമ്പോഴെല്ലാം സെയിൽസ് സ്ലിപ്പ് പ്രിന്റ് ചെയ്യപ്പെടുന്നതാണ്, കൂടാതെ വാങ്ങുന്ന സമയത്ത് മർച്ചന്റ് ലൊക്കേഷനിൽ കാർഡ് പലതവണ ഉപയോഗിക്കുന്നില്ലെന്ന് കാർഡ് ഉടമ ഉറപ്പാക്കേണ്ടതാണ്.
10. സാധനങ്ങൾ/സേവനങ്ങൾ റദ്ദാക്കുന്നതിനുള്ള വാങ്ങലും തുടർന്നുള്ള ക്രെഡിറ്റും രണ്ട് വെവ്വേറെ ഇടപാടുകളാണ്. റീഫണ്ട് തുക മർച്ചന്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് (റദ്ദാക്കൽ ചാർജുകൾ കിഴിവ് ചെയ്തുകൊണ്ട്) നിങ്ങളുടെ കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. റീഫണ്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ക്രെഡിറ്റ് തുക നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തില്ലെങ്കിൽ, മർച്ചന്റിന്റെ ക്രെഡിറ്റ് നോട്ടിന്റെ പകർപ്പ് സഹിതം നിങ്ങൾ ആക്സിസ് ബാങ്കിനെ വിവരം അറിയിക്കേണ്ടതാണ്.
11. സാധനങ്ങളും സേവനങ്ങളും നൽകുന്നത് ഉൾപ്പെടെ മർച്ചന്റുമായി കാർഡ് ഉടമ നടത്തുന്ന ഏതെങ്കിലും ഇടപാടുകൾക്ക് ബാങ്ക് ഉത്തരവാദിയായിരിക്കില്ല. ഏതെങ്കിലും VISA / MASTERCARD / RuPay മർച്ചന്റ് സ്ഥാപനങ്ങളെക്കുറിച്ച് കാർഡ് ഉടമയ്ക്ക് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ, ആ

വിഷയം കാർഡ് ഉടമയും മർച്ചന്റ് സ്ഥാപനവുമായി ചേർന്ന് പരിഹരിക്കേണ്ടതാണ്. അങ്ങനെ ചെയ്യാൻ പരാജയപ്പെടുന്നത് ബാങ്കിനോടുള്ള കാർഡ് ഉടമയുടെ ബാധ്യതകളിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കില്ല. എങ്കിലും, കാർഡ് ഉടമ ഉടൻ തന്നെ ബാങ്കിനെ വിവരം അറിയിക്കേണ്ടതാണ്.

12. മർച്ചന്റ് ഈടാക്കുകയും കാർഡ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും ചെയ്യുന്ന ഏതെങ്കിലും സർച്ചാർജിന് ബാങ്ക് ഉത്തരവാദിയല്ല.

13. മർച്ചന്റ് സ്ഥാപനത്തിൽ കാർഡ് ഉപയോഗിക്കുമ്പോഴെല്ലാം കാർഡ് ഉടമ സെയിൽസ് സ്ലിപ്പിൽ ഒപ്പിടുകയും അത് കൈവശം സൂക്ഷിക്കുകയും വേണം. കാർഡ് ഉടമ വ്യക്തിപരമായി ഒപ്പിടാത്തതും എന്നാൽ കാർഡ് ഉടമ അംഗീകരിച്ചതാണെന്ന് തെളിയിക്കാൻ കഴിയുന്നതുമായ ഏതൊരു സെയിൽസ് സ്ലിപ്പും കാർഡ് ഉടമയുടെ ബാധ്യതയായിരിക്കുന്നതാണ്.

14. കാർഡ് നഷ്ടപ്പെടുകയോ, മോഷിക്കപ്പെടുകയോ, അല്ലെങ്കിൽ വഞ്ചനാപരമായ രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്ത സന്ദർഭങ്ങളിലൊഴികെ (അതിനുള്ള തെളിവിന്റെ ഉത്തരവാദിത്തം കാർഡ് ഉടമയ്ക്കായിരിക്കും), കാർഡ് ഉപയോഗിച്ച് പ്രസ്തുത ചാർജിലോ മറ്റ് ആവശ്യത്തിലോ പരാമർശിച്ചിരിക്കുന്ന തുകയും കാർഡ് ഉടമയും അനുസരിച്ച് മർച്ചന്റ് രേഖപ്പെടുത്തിയ ചാർജ് ശരിയായി വരുത്തിയതാണെന്നതിനുള്ള പൂർണ്ണ തെളിവായി മർച്ചന്റിൽ നിന്ന് ബാങ്കിന് ലഭിക്കുന്ന ചാർജ് അല്ലെങ്കിൽ മറ്റ് പേയ്മെന്റ് ആവശ്യകത കണക്കാക്കപ്പെടുന്നതാണ്.

15. ഏതെങ്കിലും പിഴവ് മൂലമോ സാധനങ്ങൾ തിരികെ നൽകിയതിന്റെ അടിസ്ഥാനത്തിലോ പൂർത്തിയായ ഒരു ഇടപാട് റദ്ദാക്കാൻ മർച്ചന്റ് ആഗ്രഹിക്കുന്ന സന്ദർഭത്തിൽ, മുൻപത്തെ സെയിൽസ് റെസീപ്റ്റ് മർച്ചന്റ് റദ്ദാക്കേണ്ടതും റദ്ദാക്കിയ രസീദിന്റെ പകർപ്പ് തന്റെ കൈവശം സൂക്ഷിക്കേണ്ടതുമാണ്. ഏതെങ്കിലും മർച്ചന്റ് / ഡിവൈസ് പിഴവ് അല്ലെങ്കിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് എന്നിവ കാരണം ഉണ്ടാകുന്ന എല്ലാ റീഫണ്ടുകളും അഡ്ജസ്റ്റ്മെന്റുകളും മാനുവൽ രീതിയിൽ പ്രോസസ്സ് ചെയ്യേണ്ടതും, പരിശോധനയ്ക്ക് ശേഷവും ബാധകമായ VISA / MASTERCARD / RuPay നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമാണ്. ഈ റീഫണ്ട് പരിഗണിക്കാതെ, കാർഡിൽ ലഭ്യമായ ബാലൻസിന്റെ മാത്രം അടിസ്ഥാനത്തിൽ ഈ സമയത്ത് ലഭിക്കുന്ന ഡെബിറ്റുകൾ അംഗീകരിക്കപ്പെടുമെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. പേയ്മെന്റ് നിർദ്ദേശങ്ങൾ നിരസിക്കുന്ന അത്തരം പ്രവൃത്തികളിൽ നിന്ന് കാർഡ് ഉടമ ബാങ്കിനെ ഒഴിവാക്കുകയും ചെയ്യുന്നു.

16. ഹോട്ടലുകളിൽ ചെക്ക്-ഇൻ ചെയ്യുമ്പോഴും, വാങ്ങൽ ഇടപാടോ സേവനങ്ങളോ പൂർത്തിയാകുന്നതിന് മുമ്പ് പണമടയ്ക്കൽ ക്രമീകരണങ്ങൾ നടത്തുന്ന മറ്റ് സ്ഥലങ്ങളിലും ഈ കാർഡ് ഉപയോഗിക്കാൻ പാടില്ല.

17. മെയിൽ ഓർഡർ / ഫോൺ ഓർഡർ വാങ്ങലുകൾക്കായി കാർഡ് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അത്തരം ഏതെങ്കിലും ഉപയോഗം അനധികൃതമായി കണക്കാക്കപ്പെടുന്നതും കാർഡ് ഉടമ മാത്രമായിരിക്കും അതിന് ഉത്തരവാദി.

18. വിദേശ മാസികകൾ/ആനുകാലികങ്ങൾ എന്നിവയ്ക്കുള്ള സബ്സ്ക്രിപ്ഷൻ പേയ്മെന്റുകൾക്കായി കാർഡ് ഉപയോഗിക്കാൻ പാടില്ല. അത്തരം ഏതെങ്കിലും ഉപയോഗം അനധികൃതമായി കണക്കാക്കപ്പെടുന്നതും കാർഡ് ഉടമ മാത്രമായിരിക്കും അതിന് ഉത്തരവാദി.

19. ഏതെങ്കിലും EDC / POS അല്ലെങ്കിൽ മറ്റ് ഉപകരണങ്ങളിൽ കാർഡ് ഉപയോഗിക്കുന്നത് സേവന ചാർജ് കൂടാതെ/അല്ലെങ്കിൽ ഇടപാട് ഫീസ് കൂടാതെ/അല്ലെങ്കിൽ പ്രോസസ്സിംഗ് ഫീസ് ഈടാക്കുന്നതിന് കാരണമായേക്കാം.

20. അത്തരം ചാർജുകളെക്കുറിച്ച് കാർഡ് ഉടമയ്ക്ക് മുൻകൂട്ടി അറിയിപ്പ് നൽകിയോ ഇല്ലയോ എന്നത് പരിഗണിക്കാതെ, അത്തരം എല്ലാ ചാർജുകളും ലഭ്യമായ തുകയിൽ നിന്ന് ഈടാക്കുന്നതാണ്.
21. ഇടപാടുകളുടെ രേഖകൾ സൂക്ഷിച്ചുവെക്കാൻ കാർഡ് ഉടമയോട് നിർദ്ദേശിക്കുന്നു.

KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡിലെ ഇടപാടുകൾ

സാമ്പത്തിക ഇടപാടുകൾ

1. മെട്രോ, ഫീഡർ ബസ്*, സിറ്റി ബസ്*, വാട്ടർ മെട്രോ* എന്നിവയിലെ ടിക്കറ്റ് വാങ്ങൽ ഇടപാടുകൾ.

   ഇതൊരു കോൺടാക്റ്റ്ലെസ് കാർഡാണ് (contactless card). കാർഡ് ഉടമയ്ക്ക് സോഴ്സ് സ്റ്റേഷനിലെ എൻട്രി ഗേറ്റിലും / വാലിഡേറ്ററിലും, ഡെസ്റ്റിനേഷൻ സ്റ്റേഷനിലെ എക്സിറ്റ് ഗേറ്റുകളിലും / വാലിഡേറ്ററിലും, അല്ലെങ്കിൽ ടിക്കറ്റ് വാങ്ങുന്നതിനായി ബസ് കണ്ടക്ടറുടെ കൈവശമുള്ള ടെർമിനലിലും കാർഡ് ടാപ്പ് ചെയ്യാവുന്നതാണ്. ഓരോ കോൺടാക്റ്റ്ലെസ് പെയ്മെന്റ് ഇടപാടും പരമാവധി ₹5,000/- വരെ മാത്രമേ ചെയ്യാൻ കഴിയൂ. ഒരു ദിവസത്തേക്ക് പരമാവധി 20 കോൺടാക്റ്റ്ലെസ് ഇടപാടുകൾ അനുവദനീയമാണ്.

   റീട്ടെയിൽ കോൺടാക്റ്റ്ലെസ് ഇടപാടിന്റെ പരമാവധി പരിധി ₹5,000/- ആണ്, ഇത് സ്ഥിരമായി (default) ഡിസേബിൾ ചെയ്തിട്ടുള്ളതാണ്. കാർഡ് ഉടമയ്ക്ക് ഈ സൗകര്യം വേണമെങ്കിൽ, കൊച്ചി1 മൊബൈൽ ആപ്പ് വഴി ഇടപാട് പ്രവർത്തനക്ഷമമാക്കുകയും (enable) ഒരു ഇടപാടിനുള്ള പരിധി നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.
2. പാസ് വാങ്ങലും പുതുക്കലും (KMRL ഇഷ്യൂവൻസ് കൗണ്ടറുകളിൽ).
3. കാർഡ് ടോപ്പ്-അപ്പ് (KMRL ഇഷ്യൂവൻസ് കൗണ്ടറുകൾ, കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ എന്നിവ വഴി).
4. പ്രീപെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റുകളെക്കുറിച്ചുള്ള (PPIs) നിലവിലുള്ള മാസ്റ്റർ നിർദ്ദേശങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നതു പ്രകാരമുള്ള റെഗുലേറ്ററി പരിധിക്കുള്ളിൽ നിന്നുകൊണ്ട്, കാർഡിൽ അനുവദനീയമായ പരമാവധി ലോഡിംഗ് / ഔട്ട്സ്റ്റാൻഡിംഗ് തുക താഴെ പറയുന്നവയാണ്:
   - എ. മിനിമം KYC (പണം ലോഡ് ചെയ്യാൻ സൗകര്യമുള്ള ചെറിയ PPI): കാർഡ് ഉടമയ്ക്ക് പണമായോ കൂടാതെ/അല്ലെങ്കിൽ ഡിജിറ്റൽ വഴികളിലൂടെയോ പ്രതിമാസം പരമാവധി ₹5,000/- വരെ ലോഡ് ചെയ്യാം. ഏത് സമയത്തും കാർഡിൽ ബാക്കിയുള്ള തുക ₹5,000/-ൽ കവിയാൻ പാടില്ല.
   - ബി. മിനിമം KYC+ (പണം ലോഡ് ചെയ്യുന്ന സൗകര്യം ഒഴിവാക്കിയ ചെറിയ PPI): കാർഡ് ഉടമയ്ക്ക് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ മാത്രം പ്രതിമാസം പരമാവധി ₹5,000/- വരെ ലോഡ് ചെയ്യാം. ഈ KYC തരത്തിന് പണം ലോഡ് ചെയ്യാൻ അനുവാദമില്ല. ഏത് സമയത്തും കാർഡിൽ ബാക്കിയുള്ള തുക ₹5,000/-ൽ കവിയാൻ പാടില്ല.
   - സി. ഫുൾ KYC കാർഡ് ഉടമ: പരമാവധി ഔട്ട്സ്റ്റാൻഡിംഗ് തുക ₹1,00,000/-ൽ കവിയാൻ പാടില്ല (റെഗുലേറ്ററി പരിധിക്കുള്ളിൽ). ഫുൾ KYC കാർഡ് ഉടമയ്ക്ക് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ പ്രതിമാസം പരമാവധി ₹1,00,000/- വരെ ലോഡ് ചെയ്യാൻ അനുവാദമുണ്ട്. കൂടാതെ PPIയുടെ മൊത്തത്തിലുള്ള പരിധിക്ക് വിധേയമായി, പണം ലോഡ് ചെയ്യുന്നത് പ്രതിമാസം പരമാവധി ₹50,000/- ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.
5. POS ടെർമിനലുകൾ വഴിയും ഓൺലൈൻ വാങ്ങലുകൾ വഴിയും നടത്തുന്ന റീട്ടെയിൽ പെയ്മെന്റുകൾ.

സാമ്പത്തികേതര ഇടപാടുകൾ

1. പിൻ സെറ്റ് ചെയ്യൽ (KMRL ഇഷ്യൂവൻസ് കൗണ്ടറുകളിലും ഫോൺ ബാങ്കിംഗ് വഴിയും).

2. ബാലൻസ് അന്വേഷണം (KMRL ഇഷ്യൂവൻസ് കൗണ്ടറുകൾ, ഫോൺ ബാങ്കിംഗ്, SMS ബാങ്കിംഗ്, കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ എന്നിവ വഴി).
3. കാർഡ് ബ്ലോക്ക് ചെയ്യൽ (SMS ബാങ്കിംഗ്, കൊച്ചി1 ആപ്പ് വഴി).
4. കാർഡ് മാറ്റിസ്ഥാപിക്കൽ (KMRL ഇഷ്യൂവൻസ് കൗണ്ടറുകളിൽ).
5. കാർഡ് സ്റ്റേറ്റ്മെന്റ് (കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ വഴി) (*ലഭ്യമാകുമ്പോൾ).

<u>കാർഡ് കാലാവധി തീരൽ</u>

നിങ്ങളുടെ ***KMRL ആക്സിസ് ബാങ്ക് കൊച്ചി1*** ട്രാൻസിറ്റ് കാർഡിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ഏതെങ്കിലും KMRL ഇഷ്യൂവൻസ് കൗണ്ടർ സന്ദർശിച്ചു പുതിയ കാർഡ് വാങ്ങാവുന്നതാണ്. നിങ്ങളുടെ പഴയ കാർഡിലെ ബാലൻസ് തുക 10 പ്രവൃത്തി ദിവസത്തിനുള്ളിൽ പുതിയ കാർഡിലേക്ക് മാറ്റി നൽകുന്നതാണ്.

<u>കാർഡ് ഉപയോഗമില്ലാതെ കിടക്കൽ</u>

1. തുടർച്ചയായി ഒരു വർഷത്തേക്ക് സാമ്പത്തിക ഇടപാടുകൾ ഒന്നും നടന്നിട്ടില്ലെങ്കിൽ, കാർഡ് ഉടമയ്ക്ക് മുൻകൂട്ടി വിവരം നൽകിക്കൊണ്ട് ബാങ്ക് ആ കാർഡ് നിഷ്ക്രിയമാക്കുന്നതാണ്.
2. ബാങ്കിന്റെ പരിശോധനയ്ക്ക് ശേഷം മാത്രമേ കാർഡ് വീണ്ടും പ്രവർത്തനക്ഷമമാക്കാൻ കഴിയൂ.
3. അത്തരം കാർഡുകൾ സംബന്ധിച്ച് RBI-യുടെ നിർദ്ദേശപ്രകാരം അവരെ അറിയിക്കുന്നതാണ്.

<u>ATM ഉപയോഗം</u>

1. ഒരു ബാങ്ക് എടിഎമ്മിലും KMRL ആക്സിസ് ബാങ്ക് 'കൊച്ചി1' കാർഡ് ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയില്ല.

<u>ഫീസുകൾ</u>

1. കാർഡ് ഉടമയ്ക്ക് മുൻകൂട്ടി അറിയിപ്പ് നൽകാതെ തന്നെ, ഭാവിയിൽ ഫീസ് ഈടാക്കാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. അത്തരം ഫീസുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ, കാർഡ് ഉടമയുടെ അനുവാദത്തോടെ / പുതുക്കുമ്പോൾ ആക്സിസ് ബാങ്കിന്റെ നിലവിലുള്ള നിരക്കിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുന്നതാണ്. ഈ ഫീസുകൾ തിരികെ നൽകില്ല (non-refundable). മറ്റ് സേവനങ്ങൾക്കുമുള്ള ചാർജുകൾ നിലവിലുള്ള നിരക്കിൽ ഇതേ രീതിയിൽ ഈടാക്കുന്നതാണ്.
2. ബാലൻസ് അന്വേഷണത്തിന് ഇടപാട് ഫീസ് ബാധകമുള്ള സന്ദർഭങ്ങളിൽ, ബാലൻസ് അന്വേഷണം നടത്തുന്ന സമയത്ത് തന്നെ പ്രസ്തുത ഫീസ് കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുന്നതാണ്.
3. കാർഡ് ഉപയോഗത്തിന് ബാധകമായ ചാർജുകൾ / ഫീസുകൾ എന്നിവ കാർഡ് ഉടമയ്ക്ക് 30 ദിവസത്തെ മുൻകൂട്ടി നോട്ടിസ് നൽകിക്കൊണ്ടോ അല്ലെങ്കിൽ ചട്ടങ്ങൾക്ക് അനുസൃതമായോ ആക്സിസ് ബാങ്കിന് കാലാകാലങ്ങളിൽ പരിഷ്കരിക്കാവുന്നതോ മാറ്റം വരുത്താവുന്നതോ ആണ്.
4. ആദ്യമായി ലോഡ് ചെയ്യുമ്പോഴോ അല്ലെങ്കിൽ കാലാകാലങ്ങളിലോ ബാധകമായ ലോഡിംഗ് / വാർഷിക / പുതുക്കൽ ചാർജുകളും മറ്റ് സേവന ചാർജുകളും കാർഡിൽ നിന്ന് ഈടാക്കാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.
5. ആദ്യ വർഷത്തിന്റെയും രണ്ടാം വർഷത്തിന്റെയും പൂർത്തീകരണത്തിന് ശേഷം വരുന്ന മാസത്തിന്റെ തുടക്കത്തിലോ മധ്യത്തിലോ അവസാനത്തിലോ രണ്ടാം വർഷത്തെയും മൂന്നാം വർഷത്തെയും വാർഷിക ഫീസ് ഈടാക്കാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

6. കാർഡ് ക്ലോസ് ചെയ്യുമ്പോഴോ / റദ്ദാക്കുമ്പോഴോ അല്ലെങ്കിൽ ഏതെങ്കിലും സൗകര്യം പിൻവലിക്കുമ്പോഴോ കാർഡിൽ ബാധകമായേക്കാവുന്ന കുടിശ്ശിക തുക പൂർണ്ണമായോ ഭാഗികമായോ ഡെബിറ്റ് ചെയ്യാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.
7. കാർഡിൽ ലഭ്യമായതോ ലോഡ് ചെയ്തിട്ടുള്ളതോ ആയ തുകയ്ക്ക് ബാങ്ക് യാതൊരുവിധ പലിശയും നൽകുന്നതല്ല.

<u>ചാർജ്ജ് പട്ടിക</u>

വിവരങ്ങൾ	തുക (INR)
കാർഡ് ഇഷ്യൂവൻസ് ഫീസ്	150.00
വാർഷിക ഫീസ്	75.00
ലോഡിംഗ് / ടോപ്പ്-അപ്പ് ഫീസ്	ഇടപാട് തുകയുടെ 1.8%, പരമാവധി ₹12.00 വരെ
കാർഡ് മാറ്റിസ്ഥാപിക്കൽ / പുനർനിർമ്മാണ ഫീസ്	150.00
ബാലൻസ് അന്വേഷണ ഫീസ്	00.00

ശ്രദ്ധിക്കുക: ബാങ്കിന്റെയും പങ്കാളിയുടെയും ധാരണപ്രകാരം കാലാകാലങ്ങളിൽ ഫീസുകളിൽ മാറ്റം വരുത്താവുന്നതാണ്. ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (GST) ഉൾപ്പെടെയുള്ള ബാധകമായ എല്ലാ നികുതികളും ഈ ചാർജുകളിൽ ഉൾപ്പെടുന്നതാണ്.

** സാമ്പത്തികേതര ഇടപാടുകളിൽ കാർഡ് ബ്ലോക്ക് ചെയ്യൽ, ബാലൻസ് അന്വേഷണം, കാർഡ് സ്റ്റേറ്റ്മെന്റ്, പിൻ സെറ്റ് ചെയ്യൽ തുടങ്ങിയവ ഉൾപ്പെടുന്നു.

<u>പ്രീപെയ്ഡ് കാർഡിന്റെ സവിശേഷതകൾ</u>

നിങ്ങളുടെ കാർഡിൽ വിവിധ സവിശേഷതകൾ വാഗ്ദാനം ചെയ്യുന്നതിനായി ബാങ്കിന് സ്വന്തം വിവേചനാധികാരപ്രകാരം കാലാകാലങ്ങളിൽ വിവിധ ഏജൻസികളുമായി കരാറുകളിൽ ഏർപ്പെടാവുന്നതാണ്. ഈ സവിശേഷതകളെല്ലാം ലഭ്യമായ ഏറ്റവും മികച്ച സേവനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമുള്ളതായിരിക്കും. സേവന ദാതാക്കൾ / മർച്ചന്റുകൾ / ഔട്ട്ലെറ്റുകൾ / ഏജൻസികൾ എന്നിവ വാഗ്ദാനം ചെയ്യുന്ന ഏതെങ്കിലും ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ ഫലപ്രാപ്തി, കാര്യക്ഷമത, ഉപയോഗപ്രദത്വം കൂടാതെ/അല്ലെങ്കിൽ തുടർച്ച എന്നിവയ്ക്ക് ബാങ്കോ കൂടാതെ/അല്ലെങ്കിൽ KMRL-യോ യാതൊരുവിധ ഉറപ്പും നൽകുന്നില്ല. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ, ആക്സിസ് ബാങ്കിന്റെയോ കൂടാതെ/അല്ലെങ്കിൽ KMRL-ന്റെയോ ഇടപെടലുകൾ ഇല്ലാതെ, കാർഡ് ഉടമ നേരിട്ട് മർച്ചന്റ് / ഏജൻസി തുടങ്ങിയവരുമായി ബന്ധപ്പെട്ട് ആ വിഷയം പരിഹരിക്കേണ്ടതാണ്.

<u>മെട്രോ യാത്രകളിലെ നിരക്കിളവ്</u>

മെട്രോ യാത്രക്കൂലിയിലോ മെട്രോ പാസുകളിലോ നൽകുന്ന ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ പൂർണ്ണമായും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാത്രം വിവേചനാധികാരത്തിന് വിധേയമായിട്ടുള്ളതാണെന്നും, അത്തരം ഇളവുകളിൽ ആക്സിസ് ബാങ്കിന് യാതൊരുവിധ അവകാശമോ അധികാരമോ ബാധ്യതയോ ഉണ്ടായിരിക്കില്ലെന്നും കാർഡ് ഉടമ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഇതൊരു മെട്രോ അധികാരികളുമായി ചേർന്ന് പ്രവർത്തിക്കുന്ന കോ-ബ്രാൻഡഡ് കാർഡ് ആയതിനാൽ, കാർഡിൽ നൽകേണ്ട ഇളവുകളുടെ ശതമാനമോ പരമാവധി

& കുറഞ്ഞ തുകയോ അവർ തീരുമാനിക്കുന്നതാണ്. KMRL നിശ്ചയിച്ചിട്ടുള്ള പ്രവർത്തന നടപടിക്രമങ്ങൾക്ക് അനുസൃതമായി മെട്രോ ഗേറ്റുകളിലോ ടിക്കറ്റ് കൗണ്ടറുകളിലോ കാർഡ് ഉപയോഗിക്കുമ്പോൾ പ്രസ്തുത ഇളവുകൾ ബാധകമാകുന്നതാണ്.

വിവരങ്ങൾ വെളിപ്പെടുത്തൽ

1. ആക്സിസ് ബാങ്ക് ആവശ്യപ്പെടുമ്പോൾ, ബാങ്ക് ആവശ്യമെന്ന് കരുതുന്ന ഏതു കാര്യങ്ങളുമായും ബന്ധപ്പെട്ട വിവരങ്ങളോ രേഖകളോ സർട്ടിഫിക്കറ്റുകളോ നിങ്ങൾ നൽകേണ്ടതാണ്. നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത ആവശ്യമെന്ന് കരുതുന്ന ഏത് മാർഗ്ഗത്തിലൂടെയോ അല്ലെങ്കിൽ ഏത് സ്രോതസ്സിൽ നിന്നോ പരിശോധിക്കുന്നതിന് നിങ്ങൾ ആക്സിസ് ബാങ്കിന് അധികാരം നൽകുകയും ചെയ്യുന്നു. ഈ വിവരങ്ങൾ നൽകിയില്ലെങ്കിലോ അല്ലെങ്കിൽ നൽകിയ വിവരങ്ങൾ തെറ്റാണെങ്കിലോ, ആക്സിസ് ബാങ്കിന് സ്വന്തം വിവേചനാധികാരപ്രകാരം കാർഡ് പുതുക്കുന്നത് നിരസിക്കാനോ അല്ലെങ്കിൽ കാർഡ് ഉടൻ തന്നെ റദ്ദാക്കാനോ കഴിയുന്നതാണ്.

2. അധികാരപരിധിയുള്ള ഏതെങ്കിലും കോടതി, ക്വാസി-ജുഡീഷ്യൽ അധികാരികൾ, നിയമപാലക ഏജൻസികൾ, റെഗുലേറ്ററി അധികാരികൾ, കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ മറ്റ് ഏജൻസികൾ എന്നിവർക്ക് കാർഡ് ഉടമയുടെ വിവരങ്ങൾ വെളിപ്പെടുത്താനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

3. ഏതെങ്കിലും ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ നെറ്റ്‌വർക്കിലെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്നതോ ഉചിതമായതോ ആയ രീതിയിൽ, കാർഡ് ഉടമയുടെ അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ കർശനമായ രഹസ്യസ്വഭാവത്തോടെ മറ്റ് സ്ഥാപനങ്ങൾക്ക് വെളിപ്പെടുത്താനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

4. ബാങ്കിന്റെ ആസ്ഥാനത്തിനോ അല്ലെങ്കിൽ ബാങ്കിന്റെ മറ്റ് ശാഖകൾക്കോ, ഉപസ്ഥാപനങ്ങൾക്ക്, അല്ലെങ്കിൽ ബാങ്കുമായി ബന്ധപ്പെട്ടതോ അഫിലിയേറ്റ് ചെയ്തതോ ആയ സ്ഥാപനങ്ങൾക്കോ (അവ എവിടെ സ്ഥിതി ചെയ്താലും), ഇന്ത്യയിലോ മറ്റ് സ്ഥലങ്ങളിലോ ഉള്ള ഏതെങ്കിലും സർക്കാർ അല്ലെങ്കിൽ റെഗുലേറ്ററി ഏജൻസികൾക്ക്, ബാങ്കിന്റെ പ്രയോജനത്തിനായി ഏതെങ്കിലും സേവനങ്ങൾ നിർവഹിക്കാൻ കരാറിലേർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജന്റുകൾക്കോ കോൺട്രാക്ടർമാർക്കോ, കൂടാതെ നിയമപ്രകാരം വെളിപ്പെടുത്താൻ ആവശ്യമായി വരുന്നതോ അല്ലെങ്കിൽ ബാങ്ക് ഉചിതമെന്ന് കരുതുന്നതോ ആയ മറ്റ് ഏതെങ്കിലും വ്യക്തികൾക്കോ, തന്റെ സ്വകാര്യ വിവരങ്ങൾ, കാർഡ് ഇടപാട്, കാർഡ് അക്കൗണ്ട് അല്ലെങ്കിൽ ബാങ്കുമായുള്ള ഇടപാടുകൾ എന്നിവയുമായി ബന്ധപ്പെട്ട ഏത് വിവരവും ഏത് സമയത്തും ഏത് ആവശ്യമുള്ളപ്പോൾ വെളിപ്പെടുത്തുന്നതിന് കാർഡ് ഉടമ ബാങ്കിന് ഇതിനാൽ വ്യക്തമായ അനുവാദം നൽകുന്നു.

കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ

1. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ കാർഡ് ഉടമ ഉടൻ തന്നെ ആ നഷ്ടം/മോഷണം ആക്സിസ് ബാങ്കിനെ അറിയിക്കേണ്ടതാണ്. എമർജൻസി കോൺടാക്റ്റ് നമ്പർ വഴി നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്ത വിവരം അറിയിക്കാമെങ്കിലും, എത്രയും പെട്ടെന്ന് നിങ്ങൾ അത് ഇമെയിൽ വഴി ആക്സിസ് ബാങ്കിനെ സ്ഥിരീകരിക്കേണ്ടതാണ്.

2. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്തതിന് ശേഷവും, എന്നാൽ നിങ്ങളുടെ ഇമെയിൽ സന്ദേശം ലഭിക്കുന്നതിന് മുമ്പും ആക്സിസ് ബാങ്കിന് ഏതെങ്കിലും ഇടപാടുകൾ ലഭിക്കുകയാണെങ്കിൽ, നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെടുന്ന എല്ലാ തുകയ്ക്കും നിങ്ങൾ ഉത്തരവാദിയായിരിക്കും. എന്നിരുന്നാലും, ഇമെയിൽ സന്ദേശം ലഭിക്കുന്നതിന് മുൻപ്, കാർഡ് സുരക്ഷിതമായി സൂക്ഷിച്ചിരുന്നുവെന്നും നഷ്ടം/മോഷണം ഉടൻ തന്നെ റിപ്പോർട്ട് ചെയ്തിരുന്നുവെന്നും നിങ്ങൾ സദുദ്ദേശ്യത്തോടെയും ന്യായമായ ശ്രദ്ധയോടും കൂടി പ്രവർത്തിച്ചിരുന്നുവെന്നും തെളിയിക്കാൻ കഴിയുമെങ്കിൽ, വാങ്ങൽ ഇടപാടുകൾക്കായുള്ള നിങ്ങളുടെ നഷ്ടപ്പെട്ട കാർഡിന്റെ ബാധ്യത പൂജ്യമായിരിക്കും (ഇമെയിൽ വഴി നഷ്ടം റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ). നഷ്ടപ്പെട്ട കാർഡിന്റെ ബാധ്യത പൂർണ്ണമായും ഒഴിവാക്കാനുള്ള പ്രത്യേക അവകാശം ആക്സിസ് ബാങ്കിൽ മാത്രം നിക്ഷിപ്തമാണ്.

3. വെൽക്കം കിറ്റിൽ നൽകിയിരിക്കുന്ന ഫോർമാറ്റിലും നമ്പറിലേക്കും SMS അയച്ചോ, ആക്സിസ് ബാങ്ക് കസ്റ്റമർ കെയറിൽ വിളിച്ചോ, കൊച്ചി1 മൊബൈൽ ആപ്പ് വഴിയോ അല്ലെങ്കിൽ ആക്സിസ് ബാങ്ക് ഓൺലൈൻ പോർട്ടൽ വഴിയോ ഉടൻതന്നെ കാർഡ് ബ്ലോക്ക് ചെയ്യേണ്ടതാണ്.
4. നിങ്ങളുടെ കാർഡിലെ ചിപ്പ് ബാലൻസ് (പരമാവധി ₹500 വരെ) റീഫണ്ട് ചെയ്യാത്തതും മറ്റൊന്നിലേക്ക് മാറ്റാൻ കഴിയാത്തതുമാണ്.
5. ഹോസ്റ്റ് ബാലൻസ് പുതിയ കാർഡിലേക്ക് മാറ്റാവുന്നതാണ്, ഇത് സാധാരണയായി 7-10 പ്രവൃത്തി ദിവസത്തിനുള്ളിൽ ചെയ്തു നൽകുന്നതാണ്.

ഡിജിറ്റൽ ചാനലുകളുടെ ഉപയോഗവും ചാർജുകളും സംബന്ധിച്ചുള്ള റിസ്ക്, ഉത്തരവാദിത്തം, ബാധ്യത

ഡിജിറ്റൽ ചാനലുകൾ ആക്സസ് ചെയ്യുന്നതിനോ ഉപയോഗിക്കുന്നതിനോ ആക്സിസ് ബാങ്ക് യാതൊരുവിധ ചാർജുകളോ ഫീസോ ഈടാക്കുന്നില്ല. ബാങ്ക് നൽകുന്ന ഏതെങ്കിലും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, റിസ്ക്, ഉത്തരവാദിത്തം, ബാധ്യത എന്നിവയുമായി ബന്ധപ്പെട്ട താഴെ പറയുന്ന നിബന്ധനകൾ ഉപഭോക്താവ് അംഗീകരിക്കുന്നതായി കണക്കാക്കപ്പെടുന്നു.

ഉപഭോക്താവിന്റെ ഉത്തരവാദിത്തം

തങ്ങളുടെ ലോഗിൻ ക്രെഡൻഷ്യലുകൾ, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ഡിവൈസുകൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതും അവ സുരക്ഷിതമായി ഉപയോഗിക്കേണ്ടതും ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണ്. ഉപഭോക്താവിന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധ, ഗൗരവക്കുറവ് അല്ലെങ്കിൽ അത്തരം വിവരങ്ങൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെടുന്നത് മൂലം ഉണ്ടാകുന്ന ഏതെങ്കിലും അനധികൃത ആക്സസോ ദുരുപയോഗമോ ആ ഉത്തരവാദിത്തം ഉപഭോക്താവിന്റെ മാത്രമായിരിക്കും.

സുരക്ഷയും തട്ടിപ്പ് സാധ്യതകളും

ബാങ്കിന്റെ നിർദ്ദേശങ്ങൾക്കോ ഉപദേശങ്ങൾക്കോ എതിരായി ഉപഭോക്താവ് ക്രെഡൻഷ്യലുകൾ, ഒടിപികൾ (OTPs), പിൻ നമ്പറുകൾ (PINs), പാസ്‌വേഡുകൾ അല്ലെങ്കിൽ മറ്റ് രഹസ്യ വിവരങ്ങൾ പങ്കുവെക്കുകയോ വെളിപ്പെടുത്തുകയോ ചെയ്യുന്നത് മൂലം ഫിഷിംഗ്,വിഷിംഗ്, മാൽവെയർ ആക്രമണങ്ങൾ, ഡിവൈസ് കോംപ്രമൈസ് അല്ലെങ്കിൽ മൂന്നാം കക്ഷി തട്ടിപ്പുകൾ എന്നിവ കാരണം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ബാങ്ക് ഉത്തരവാദിയായിരിക്കുന്നതല്ല.

ഉപഭോക്താവിന്റെ ബാധ്യത

തങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ഡിവൈസ്, ലോഗിൻ ക്രെഡൻഷ്യലുകൾ, പിൻ, പാസ്‌വേഡുകൾ, ഒടിപികൾ എന്നിവയുടെ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്തം ഉപഭോക്താവിനായിരിക്കും. അത്തരം വിവരങ്ങൾ ഉപഭോക്താവ് പങ്കുവെക്കുന്നത് മൂലം ഉണ്ടാകുന്ന ഏതെങ്കിലും അനധികൃത ഇടപാടുകൾക്ക് ഉപഭോക്താവ് മാത്രമായിരിക്കും ഉത്തരവാദി.

ഡിജിറ്റൽ ചാനലുകളിൽ നിന്നുള്ള രജിസ്ട്രേഷൻ റദ്ദാക്കൽ (കൊച്ചി1 മൊബൈൽ ആപ്ലിക്കേഷനും സംയോജിത കസ്റ്റമർ പോർട്ടലും - ICP)

1. കാർഡ് ഉടമയ്ക്ക് യാതൊരു കാരണവും കാണിക്കേണ്ട ആവശ്യമില്ലാതെ, സ്വന്തം വിവേചനാധികാരപ്രകാരം എപ്പോൾ വേണമെങ്കിലും ഡിജിറ്റൽ ചാനലുകൾ ആക്സസ് ചെയ്യുന്നതിനുള്ള അനുമതി പിൻവലിക്കാനോ റദ്ദാക്കാനോ ഉള്ള അവകാശമുണ്ട്.

2. അതത് ഡിജിറ്റൽ ചാനലിന്റെ സമ്മത മാനേജ്മെന്റ് വിഭാഗത്തിന് കീഴിലുള്ള "രജിസ്ട്രേഷൻ റദ്ദാക്കൽ" ഓപ്ഷൻ തിരഞ്ഞെടുത്ത് കാർഡ് ഉടമയ്ക്ക് ഈ നടപടിക്രമങ്ങൾ ആരംഭിക്കാവുന്നതാണ്.
3. രജിസ്ട്രേഷൻ റദ്ദാക്കൽ അഭ്യർത്ഥന പൂർത്തിയാക്കുന്നതിന്, ഡിജിറ്റൽ ചാനലുകളിലെ ആക്സസ് പിൻവലിക്കാനുള്ള വ്യക്തമായ ഉദ്ദേശ്യം സ്ഥിരീകരിച്ചുകൊണ്ട് കാർഡ് ഉടമ കൃത്യവും വ്യക്തവുമായ സമ്മതം നൽകേണ്ടതാണ്.
4. രജിസ്ട്രേഷൻ വിജയകരമായി റദ്ദാക്കിക്കഴിഞ്ഞാൽ, ഡിജിറ്റൽ ചാനലുകളിലേക്കുള്ള കാർഡ് ഉടമയുടെ ആക്സസ് വിച്ഛേദിക്കപ്പെടുന്നതാണ്; കൂടാതെ ലഭ്യമായിരുന്ന എല്ലാ സേവനങ്ങളും ഫീച്ചറുകളും ആ തീയതി മുതൽ കാർഡ് ഉടമയ്ക്ക് ലഭ്യമല്ലാതായി തീരുന്നതാണ്.
5. ആക്സിസ് ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ബാധകമായ നിബന്ധനകൾ, ഉപഭോക്തൃ ആധികാരികത പരിശോധന, വെരിഫിക്കേഷൻ ആവശ്യകതകൾ, റെഗുലേറ്ററി മാനദണ്ഡങ്ങൾ എന്നിവയ്ക്ക് വിധേയമായി, പുതിയൊരു രജിസ്ട്രേഷനും സമ്മത നടപടിക്രമവും പൂർത്തിയാക്കിയാൽ മാത്രമേ കാർഡ് ഉടമയ്ക്ക് പിന്നീട് ഡിജിറ്റൽ ചാനലുകളിലേക്ക് വീണ്ടും പ്രവേശനം നേടാൻ കഴിയൂ.
6. വ്യക്തതയ്ക്കായി പറയുകയാണെങ്കിൽ, ഡിജിറ്റൽ ചാനലുകളിൽ നിന്നുള്ള രജിസ്ട്രേഷൻ റദ്ദാക്കലോ സമ്മതം പിൻവലിക്കലോ എന്നത് ട്രാൻസിറ്റ്, പോയിന്റ്-ഓഫ്-സെയിൽ (POS), അല്ലെങ്കിൽ ഇ-കോമേഴ്സ് (ECOM) ഇടപാടുകൾക്കായി ആക്സിസ് ബാങ്ക് കൊച്ചി1 കാർഡ് റീചാർജ് ചെയ്യാനോ ഉപയോഗിക്കാനോ ഇടപാട് നടത്താനോ ഉള്ള കാർഡ് ഉടമയുടെ കഴിവിനെ ബാധിക്കുകയോ തടസ്സപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ഇല്ല. കാരണം അത്തരം കാർഡ് അധിഷ്ഠിത സേവനങ്ങൾ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്.

അന്വേഷണങ്ങളും പരാതി പരിഹാരവും

1. എന്തെങ്കിലും സംശയങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ദിവസവും രാവിലെ 8:00 മണി മുതൽ രാത്രി 8:00 മണി വരെയുള്ള സമയത്ത് ഞങ്ങളുടെ ഫോൺ ബാങ്കിംഗ് ടീമുമായി 1800 419 4477 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
2. നിങ്ങൾക്ക് www.axis.bank.in/kochi1 സന്ദർശിക്കാവുന്നതാണ്.
3. നിങ്ങൾക്ക് transit.cards@axis.bank.in എന്ന വിലാസത്തിൽ ഇമെയിൽ അയക്കാവുന്നതാണ്.
4. ബാങ്കിന്റെ പരാതി പരിഹാര നയം പരിശോധിക്കുക: https://www.axis.bank.in/docs/defaultsource/default-document-library/grievance- redressal/grievance-redressal-policy.pdf

കാർഡ് അക്കൗണ്ടിലെ അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകൾ

1. ബാങ്കിന് സാധുവായ മൊബൈൽ നമ്പർ നൽകാത്ത ഉപഭോക്താക്കൾക്ക്, ATM പണം പിൻവലിക്കലുകൾ ഒഴികെയുള്ള മറ്റ് ഇലക്ട്രോണിക് ഇടപാടുകളുടെ സൗകര്യം ബാങ്ക് നൽകുന്നതല്ല.
2. ഉപഭോക്താവിന് ലഭ്യമാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റേറ്റ്മെന്റിലെ / രേഖകളിലെ ഇടപാടുകളിൽ / ബാലൻസിന്റെ വിവരങ്ങളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ ഉപഭോക്താവ് ഏഴ് (7) ദിവസത്തിനകം ബാങ്കിനെ എഴുതി അറിയിക്കേണ്ടതാണ്.

3. ഏതെങ്കിലും വിവരങ്ങൾ എതിരായി ഏഴ് (7) പ്രവൃത്തി ദിവസങ്ങൾക്ക് ശേഷം ബാങ്കിന് ലഭിക്കുകയാണെങ്കിൽ, ബാങ്കിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള ബാങ്ക് ബോർഡ് അംഗീകരിച്ച നയപ്രകാരം ഉപഭോക്താവിന്റെ ബാധ്യത നിർണ്ണയിക്കുന്നതാണ്.

4. ഈ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ബാങ്ക് സൂക്ഷിക്കുന്ന നിങ്ങളുടെ നിർദ്ദേശങ്ങളുടെയും മറ്റ് വിശദാംശങ്ങളുടെയും (നടത്തിയതോ ലഭിച്ചതോ ആയ പേയ്മെന്റുകൾ ഉൾപ്പെടെ, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെ) എല്ലാ ഇലക്ട്രോണിക് അല്ലെങ്കിൽ ഡോക്യുമെന്ററി രൂപത്തിലുള്ള രേഖകൾ, നിങ്ങൾക്ക് എതിരായി അത്തരം നിർദ്ദേശങ്ങളുടെയും മറ്റ് വിശദാംശങ്ങളുടെയും കൃത്യമായ തെളിവായി കണക്കാക്കപ്പെടുന്നതാണ്.

5. അക്കൗണ്ടിൽ റിപ്പോർട്ട് ചെയ്ത സമയവും കൂടാതെ/അല്ലെങ്കിൽ ഇടപാടുകളും സംബന്ധിച്ചോ അല്ലെങ്കിൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളിലോ തർക്കങ്ങൾ ഉണ്ടായാൽ, തർക്കമുള്ള ഇടപാടിന്റെ സമയവും കൂടാതെ/അല്ലെങ്കിൽ അതിന്റെ ആധികാരികതയും പരിശോധിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. മൂന്നാം കക്ഷിയുടെ തട്ടിപ്പ് മൂലമോ അല്ലെങ്കിൽ തട്ടിപ്പിൽ നിങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടാകാത്തതുമായ സാഹചര്യങ്ങളിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിലുണ്ടാകുന്ന അനധികൃത ഇടപാടുകൾ സംബന്ധിച്ച നിങ്ങളുടെ ബാധ്യത, "ഉപഭോക്തൃ സംരക്ഷണം - അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ ഉപഭോക്താക്കളുടെ പരിമിതമായ ബാധ്യത" എന്ന RBI സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർണ്ണയിക്കപ്പെടുന്നതാണ്. കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നതുപോലെയുള്ള ചട്ടങ്ങളിലെ മാറ്റങ്ങൾ ആ സമയത്ത് ബാധകവും കർശനമായി പാലിക്കേണ്ടതുമാണ്. കസ്റ്റമർ കെയർ / പരാതി പരിഹാര ബന്ധപ്പെടാനുള്ള വിവരങ്ങൾക്ക്, ദയവായി ഞങ്ങളുടെ www.axis.bank.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

<u>സ്റ്റേറ്റ്മെന്റുകളും രേഖകളും</u>

1. ആക്സിസ് ബാങ്ക് ഫോൺ ബാങ്കിംഗ് സർവീസ് വിളിച്ചോ (എല്ലാ ദിവസവും രാവിലെ 8:00 മണി മുതൽ രാത്രി 8:00 മണി വരെ), അല്ലെങ്കിൽ ആക്സിസ് ബാങ്ക് എടിഎമ്മുകൾ, കൊച്ചി1 ആപ്പ്, വെബ് പോർട്ടൽ എന്നിവയിലെ മിനി സ്റ്റേറ്റ്മെന്റ് സൗകര്യം ഉപയോഗിച്ചോ കാർഡ് ഉടമയ്ക്ക് ഏത് സമയത്തും തന്റെ ഇടപാടുകളുടെ വിവരങ്ങൾ നേടാവുന്നതാണ്.

2. കാർഡ് ഉപയോഗിച്ച് പ്രോസസ്സ് ചെയ്ത ഇടപാടുകളുടെ (നടത്തിയതോ ലഭിച്ചതോ ആയ പേയ്മെന്റുകൾ ഉൾപ്പെടെ, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുത്താതെ) ഇലക്ട്രോണിക് അല്ലെങ്കിൽ ഡോക്യുമെന്ററി രൂപത്തിലുള്ള ആക്സിസ് ബാങ്കിന്റെ രേഖകൾ എല്ലാ ആവശ്യങ്ങൾക്കും അന്തിമവും ബാധകവുമായിരിക്കും.

<u>തർക്കങ്ങൾ</u>

1. വാങ്ങൽ ഇടപാടുകളുടെ കാര്യത്തിൽ, കാർഡ് ഉടമയുടെ ഒപ്പും കാർഡ് നമ്പറും രേഖപ്പെടുത്തിയ ചാർജ് സ്ലിപ്പ്, കാർഡ് ഉടമയ്ക്ക് ഉണ്ടായ ബാധ്യതയുടെ വ്യാപ്തി സംബന്ധിച്ച് ആക്സിസ് ബാങ്കും കാർഡ് ഉടമയും തമ്മിലുള്ള കൃത്യമായ തെളിവായിരിക്കും. താൻ വാങ്ങിയ സാധനങ്ങൾ കാർഡ് ഉടമയ്ക്ക് തൃപ്തികരമായ രീതിയിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ട ബാധ്യത ആക്സിസ് ബാങ്കിനില്ല.

2. അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന ബാധകമായ ചാർജുമായോ അല്ലെങ്കിൽ കാർഡ് ഉടമ നിർണ്ണയിക്കുന്ന മറ്റേതെങ്കിലും കാര്യവുമായോ ഉള്ള പരാതികൾ പരിഹരിക്കുന്നതിനായി, പരാതിയുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങളും തെളിവുകളും സഹിതം കാർഡ് ഉടമ എഴുതി നൽകുന്ന നോട്ടീസ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ആക്സിസ് ബാങ്ക് ആത്മാർത്ഥവും ന്യായവുമായ ശ്രമങ്ങൾ നടത്തുന്നതാണ്. അത്തരം ശ്രമങ്ങൾക്ക് ശേഷം ചാർജ് ശരിയാണെന്ന് ബാങ്ക് തീരുമാനിക്കുകയാണെങ്കിൽ, ആക്സിസ് ബാങ്ക് അത് കാർഡ് ഉടമയെ അറിയിക്കുന്നതാണ്.

3. കാർഡ് സ്വീകരിക്കാൻ ഏതെങ്കിലും മർച്ചന്റ് സ്ഥാപനം വിസമ്മതിക്കുന്ന പക്ഷം, അതിന് ആക്സിസ് ബാങ്ക് യാതൊരു ഉത്തരവാദിത്തവും സ്വീകരിക്കുന്നില്ല.
4. ഈ കരാർ ഇന്ത്യയിലെ നിയമങ്ങൾക്ക് അനുസൃതമായി വ്യാഖ്യാനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതാണ്. ഈ വിഷയത്തിൽ മറ്റേതെങ്കിലും കോടതിക്ക് ഒരേസമയം അധികാരപരിധിയുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ, എല്ലാ തർക്കങ്ങളും ഇന്ത്യയിലെ മുംബൈ കോടതികളുടെ എക്സ്ക്ലൂസീവ് അധികാരപരിധിക്ക് വിധേയമായിരിക്കും.
5. കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ ചെലവുകൾക്കും, നിയമപരമായ ചെലവുകൾക്കും (ഏതെങ്കിലും നിയമപരമായ ഏജൻസിക്ക് / അധികാരിക്ക് വിഷയം കൈമാറേണ്ടി വന്നാൽ), അല്ലെങ്കിൽ കാർഡ് ഉടമയുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിൽ നിയമപരമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചിട്ടുള്ള സാഹചര്യങ്ങൾക്കും ഉണ്ടാകുന്ന എല്ലാ ചെലവുകൾക്കും കാർഡ് ഉടമ ബാധ്യസ്ഥനായിരിക്കും.

<u>പൊതുവായവ</u>

1. ഈ കരാർ ഇന്ത്യയിലെ നിയമങ്ങൾക്ക് അനുസൃതമായി വ്യാഖ്യാനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതാണ്. ഈ വിഷയത്തിൽ മറ്റേതെങ്കിലും കോടതിക്ക് ഒരേസമയം അധികാരപരിധിയുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ, എല്ലാ തർക്കങ്ങളും ഇന്ത്യയിലെ മുംബൈ കോടതികളുടെ എക്സ്ക്ലൂസീവ് അധികാരപരിധിക്ക് വിധേയമായിരിക്കും.

2. കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ ചെലവുകൾക്കും, നിയമപരമായ ചെലവുകൾക്കും (ഏതെങ്കിലും നിയമപരമായ ഏജൻസിക്ക് / അധികാരിക്ക് വിഷയം കൈമാറേണ്ടി വന്നാൽ), അല്ലെങ്കിൽ കാർഡ് ഉടമയുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിൽ നിയമപരമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചിട്ടുള്ള സാഹചര്യങ്ങൾക്കും ഉണ്ടാകുന്ന എല്ലാ ചെലവുകൾക്കും കാർഡ് ഉടമ ബാധ്യസ്ഥനായിരിക്കും.

3. നിങ്ങളുടെ തൊഴിലിലോ കൂടാതെ/അല്ലെങ്കിൽ ഓഫീസിലോ കൂടാതെ/അല്ലെങ്കിൽ താമസസ്ഥലത്തെ വിലാസത്തിലോ ഫോൺ/മൊബൈൽ നമ്പറുകളിലോ എന്തെങ്കിലും മാറ്റമുണ്ടായാൽ നിങ്ങൾ ഉടൻതന്നെ അത് ആക്സിസ് ബാങ്കിനെ എഴുതി അറിയിക്കേണ്ടതാണ്.

4. നിബന്ധനകളും വ്യവസ്ഥകളും, നയങ്ങൾ, ഫീച്ചറുകൾ, ആനുകൂല്യങ്ങൾ എന്നിവയിൽ ഏതെങ്കിലും ചേർത്തോ ഒഴിവാക്കിയോ മാറ്റങ്ങൾ വരുത്താൻ കാർഡ് ഉടമയ്ക്ക് നോട്ടീസ് നൽകിക്കൊണ്ട് ആക്സിസ് ബാങ്കിന് അവകാശമുണ്ട്. ഈ മാറ്റങ്ങളിൽ ഏതെങ്കിലും നിലവിൽ വരുന്ന തീയതിക്ക് ശേഷം കാർഡ് ഉപയോഗിക്കുന്നത്, കാർഡ് ഉടമ യാതൊരു ഉപാധികളുമില്ലാതെ അത്തരം മാറ്റങ്ങൾ അംഗീകരിച്ചിരിക്കുന്നു എന്നതിനുള്ള തെളിവായി കണക്കാക്കപ്പെടുന്നതാണ്.

5. ആക്സിസ് ബാങ്ക് തപാൽ വഴി അയക്കുന്ന ഏതെങ്കിലും നോട്ടീസ്, കാർഡ് ഉടമ ബാങ്കിന് എഴുതി അവസാനമായി നൽകിയ വിലാസത്തിലേക്ക് നോട്ടീസ് അയച്ച തീയതി മുതൽ 7 (ഏഴ്) ദിവസത്തിനുള്ളിൽ കാർഡ് ഉടമയ്ക്ക് ലഭിച്ചതായി കണക്കാക്കപ്പെടുന്നതാണ്. ആക്സിസ് ബാങ്ക് ഉചിതമെന്ന് കരുതുന്ന മാർഗ്ഗങ്ങളിലൂടെ മാറ്റങ്ങൾ പ്രസിദ്ധീകരിക്കുന്നത് കാർഡ് ഉടമയ്ക്ക് ലഭിച്ച ഫലപ്രദമായ നോട്ടീസായി കണക്കാക്കപ്പെടും.

6. കിഴിവുകൾ പോലെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന മൂന്നാം കക്ഷികൾ / മർച്ചന്റ് സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തെക്കുറിച്ച് ആക്സിസ് ബാങ്കോ കൂടാതെ/അല്ലെങ്കിൽ KMRL-യോ യാതൊരുവിധ വാറന്റിയോ പ്രസ്താവനയോ നൽകുന്നില്ല. ഡെലിവറി വൈകുന്നത്, ഡെലിവറി നടത്താതിരിക്കുന്നത്, സാധനങ്ങൾ ലഭിക്കാതിരിക്കുന്നത് കൂടാതെ/അല്ലെങ്കിൽ തകരാറുള്ള സാധനങ്ങളും സേവനങ്ങളും കാർഡ് ഉടമയ്ക്ക് ലഭിക്കുന്നത് ഉൾപ്പെടെ ഏതെങ്കിലും വിധത്തിൽ സാധനങ്ങളും സേവനങ്ങളും നിലവാരമില്ലാത്തതോ തൃപ്തികരമല്ലാത്തതോ ആണെങ്കിൽ ആക്സിസ് ബാങ്കോ കൂടാതെ/അല്ലെങ്കിൽ KMRL-യോ ഉത്തരവാദിയായിരിക്കുന്നതല്ല. സാധനങ്ങൾ വാങ്ങുന്നതിനും കൂടാതെ/അല്ലെങ്കിൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള ഒരു സൗകര്യം മാത്രമാണ് കാർഡ് എന്നും, സാധനങ്ങൾക്കും/സാധനങ്ങളുടെ വാറന്റിക്കും ആക്സിസ് ബാങ്കോ കൂടാതെ/അല്ലെങ്കിൽ KMRL-യോ യാതൊരു വിധത്തിലും ഉത്തരവാദിയല്ലെന്നും വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.

പണം നൽകാനുള്ള അധികാരം നിരസിക്കൽ

1. നിയമപ്രകാരം മറ്റെന്തെങ്കിലും ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ, കാർഡ് ഉടമയ്ക്ക് തന്റെ ഫണ്ടുകളുടെ ഏതെങ്കിലും ഭാഗം ലഭ്യമാക്കാനുള്ള കഴിവിനെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ഏതെങ്കിലും നടപടിക്രമങ്ങളോ, സമൻസോ, ഉത്തരവോ, ഇഞ്ചക്ഷനോ, ജപ്തിയോ, ലെവിയോ, ലീയണോ, വിവരങ്ങളോ അല്ലെങ്കിൽ നോട്ടീസോ ബാങ്കിന് ലഭിക്കുകയാണെങ്കിൽ, ബാങ്കിന് സദുദ്ദേശ്യത്തോടെ സ്വന്തം വിവേചനാധികാരപ്രകാരം (കാർഡ് ഉടമയ്ക്ക് യാതൊരുവിധ ബാധ്യതയും വരുത്താതെ) അത്തരം ഫണ്ടുകൾ ഉചിതമായ അധികാരികൾക്ക് കൈമാറാവുന്നതും ബാധകമായ നിയമപ്രകാരം ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.
2. കാർഡുമായി ബന്ധപ്പെട്ട നിയമനടപടികൾ കാരണം ഉണ്ടാകുന്ന ന്യായമായ നിയമപരമായ ഫീസുകൾ ഉൾപ്പെടെയുള്ള ന്യായമായ സേവന ചാർജുകളും ബാങ്കിന് വരുന്ന മറ്റ് ചെലവുകളും കാർഡിൽ ലഭ്യമായ തുകയിൽ നിന്ന് ഈടാക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

അവസാനിപ്പിക്കൽ

1. മുൻകൂട്ടി അറിയിപ്പ് നൽകാതെയും കാരണം കാണിക്കാതെയും എപ്പോൾ വേണമെങ്കിലും കാർഡോ വാഗ്ദാനം ചെയ്യുന്ന മറ്റ് സേവനങ്ങളോ റദ്ദാക്കാനോ പിൻവലിക്കാനോ ഉള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്. കാർഡ് ഉടമ തന്റെ പ്രീപെയ്ഡ് കാർഡ് സൗകര്യം അവസാനിപ്പിക്കാൻ തീരുമാനിക്കുകയാണെങ്കിൽ, ഇഷ്യൂ ചെയ്ത കാർഡ് സ്വയമേവ റദ്ദാക്കപ്പെടുന്നതാണ്. അതിനുശേഷം കാർഡ് ഉടമ ഉടൻ തന്നെ തന്റെ കാർഡ് ഉപയോഗിക്കുന്നത് അവസാനിപ്പിക്കുകയും കാർഡ് നശിപ്പിക്കുകയും തിരികെ നൽകുകയും വേണം. കാർഡ് അക്കൗണ്ടിലേക്ക് ഇതുവരെ ഡെബിറ്റ് ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ബാക്കി നിൽക്കുന്ന കാർഡ് ഇടപാടുകൾ ഉണ്ടെങ്കിൽ, കാർഡ് ഉടമയുടെ പ്രസ്തുത കാർഡ് അക്കൗണ്ടിൽ ബാക്കിയുള്ള തുക (എന്തെങ്കിലും ഉണ്ടെങ്കിൽ) തിരികെ നൽകുന്നതിന് മുമ്പ്, ആ തുക ബാലൻസിൽ നിന്ന് കിഴിവ് ചെയ്ത് തീർപ്പാക്കുന്നതാണ് (netted off).
2. കാർഡ് ഉടമ കാർഡിന്റെ ഉപയോഗം അവസാനിപ്പിക്കാൻ തീരുമാനിക്കുകയാണെങ്കിൽ, കുറഞ്ഞത് 7 (ഏഴ്) ദിവസത്തെ മുൻകൂർ നോട്ടീസ് കാർഡ് ഉടമ ആക്സിസ് ബാങ്കിന് എഴുതി നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത കാർഡ് പ്രോഗ്രാമിന് കീഴിലുള്ള കാർഡും അധിക കാർഡ് ഉടമകളുടെ കാർഡുകളും (ആവശ്യമില്ലെങ്കിൽ) മാഗ്നറ്റിക് സ്ട്രിപ്പിലൂടെ പല കഷ്ണങ്ങളായി വെട്ടി ഉടൻ തന്നെ തിരികെ നൽകേണ്ടതാണ്.
3. കരാർ അവസാനിപ്പിക്കലും ഇതിലെ നിബന്ധനകളും വ്യവസ്ഥകളും ബാധകമാണെങ്കിൽപോലും, കാർഡ് ഉടമയിൽ നിന്നുള്ള കാർഡ് അവസാനിപ്പിക്കുന്ന വിവരം ആക്സിസ് ബാങ്ക് സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യുന്നത് വരെ, കാർഡ് വഴിയുള്ള ഇടപാടുകൾ ഉൾപ്പെടെയുള്ള പ്രസ്തുത കാർഡിന്റെ എല്ലാ ഉപയോഗങ്ങൾക്കും കൂടാതെ/അല്ലെങ്കിൽ ദുരുപയോഗങ്ങൾക്കും കൂടാതെ/അല്ലെങ്കിൽ വഞ്ചനാപരമായ ഉപയോഗങ്ങൾക്കും കാർഡ് ഉടമ ഉത്തരവാദിയും ബാധ്യസ്ഥനുമായി തുടരുന്നതാണ്.
4. പ്രീപെയ്ഡ് കാർഡിൽ വരുന്ന എല്ലാ ചാർജുകൾക്കും കാർഡ് ഉടമ ഉത്തരവാദിയായിരിക്കും; ആ ഉപയോഗം ദുരുപയോഗം / വഞ്ചനാപരമായ ഉപയോഗം മൂലമാണോ അല്ലയോ എന്നതും, കാർഡ് നശിപ്പിച്ച വിവരം ആക്സിസ് ബാങ്കിനെ അറിയിച്ചിട്ടുണ്ടോ ഇല്ലയോ എന്നതും ഇതിൽ ബാധകമല്ല.

5. താഴെ പറയുന്ന ഏതെങ്കിലും സാഹചര്യങ്ങൾ ഉണ്ടായാൽ, പ്രീപെയ്ഡ് കാർഡ് സൗകര്യം തൽക്ഷണം അവസാനിപ്പിക്കാനും കാർഡ് തിരികെ വാങ്ങാനും ആക്സിസ് ബാങ്കിന് അർഹതയുണ്ട്:

   - ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നതിൽ പരാജയപ്പെടുക.
   - ആക്സിസ് ബാങ്കുമായി ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കരാറിന് കീഴിലുള്ള വീഴ്ച.
   - കാർഡ് ഉടമയുടെ മരണം.

6. കാർഡിന് ബാധകമായ ഫീച്ചറുകളിലോ ചാർജുകളിലോ നിബന്ധനകളിലോ വ്യവസ്ഥകളിലോ വരുത്തുന്ന ഏതെങ്കിലും നിർദ്ദിഷ്ട മാറ്റങ്ങൾ കാർഡ് ഉടമ നിരസിക്കുകയാണെങ്കിൽ, ആ മാറ്റങ്ങൾ നിലവിൽ വരുന്ന തീയതിക്ക് മുമ്പ് കാർഡ് ആക്സിസ് ബാങ്കിന് തിരികെ നൽകേണ്ടതാണ്.

7. കഴിഞ്ഞ 6 (ആറ്) മാസമായി കാർഡിൽ ക്രെഡിറ്റുകൾ/പണം ഒന്നും ലോഡ് ചെയ്തിട്ടില്ലെങ്കിലേഷും, കാർഡിൽ ലഭ്യമായ ബാലൻസ് പൂജ്യം (NIL) ആണെങ്കിലും കൂടാതെ/അല്ലെങ്കിൽ കാർഡ് ഉടമയിൽ നിന്ന് ഈടാക്കേണ്ട വാർഷിക ചാർജുകളേക്കാൾ കുറവാണെങ്കിലും, മുൻകൂട്ടി അറിയിപ്പ് നൽകാതെയും കാരണം കാണിക്കാതെയും എപ്പോൾ വേണമെങ്കിൽ കാർഡോ വാഗ്ദാനം ചെയ്യുന്ന മറ്റ് സേവനങ്ങളോ റദ്ദാക്കാനോ പിൻവലിക്കാനോ ഉള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

8. കാർഡ് സൗകര്യം ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമാണ്. ഏതെങ്കിലും സമയത്ത് നിലവിലുള്ള നിയമം / ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത് പരിഷ്കരിക്കുകയോ നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്. ആ സമയത്തെ നിലവിലുള്ളതോ ഭേദഗതി വരുത്തിയതോ ആയ നിയമപ്രകാരം കക്ഷികൾ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത് വരെ, അത്തരം സൗകര്യം തുടർന്ന് നടപ്പിലാക്കുന്നതിൽ കക്ഷികൾക്ക് യാതൊരുവിധ ബാധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കില്ല. ഏതെങ്കിലും സമയത്ത് നിലവിലുള്ള നിയമം പൂർണ്ണമായി പാലിച്ചുകൊണ്ട് ഈ സൗകര്യം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ, മത്സരം നിയന്ത്രിക്കുന്ന/വിലക്കുന്ന ഭേദഗതി വരുത്തിയ നിയമം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ സൗകര്യം ഉടൻ തന്നെ അവസാനിപ്പിച്ചതായി കണക്കാക്കപ്പെടുന്നതാണ്.

<u>നിയമവ്യവസ്ഥയും അധികാരപരിധിയും</u>

ഈ നിബന്ധനകളും വ്യവസ്ഥകളും കൂടാതെ/അല്ലെങ്കിൽ ഇടപാടുകളും ഇന്ത്യൻ നിയമത്തിന് വിധേയമായിരിക്കുന്നതും, കാർഡിന്റെ ഉപയോഗത്തിൽ നിന്ന് ഉണ്ടാകുന്ന ഏതെങ്കിലും തർക്കങ്ങൾ, അവകാശവാദങ്ങൾ അല്ലെങ്കിൽ കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മുംബൈയിലെ എല്ലാ കോടതികൾക്കും എക്സ്ക്ലൂസീവ് അധികാരപരിധി ഉണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും, ഈ നിബന്ധനകളും വ്യവസ്ഥകളും കാരണം ഉണ്ടാകുന്ന ഏതെങ്കിലും നിയമനടപടികളോ നടപക്രമങ്ങളോ മറ്റ് ഏതെങ്കിലും കോടതിയിലോ ട്രിബ്യൂണലിലോ ഉചിതമായ ഫോറത്തിലോ സ്വന്തം വിവേചനാധികാരപ്രകാരം ആക്സിസ് ബാങ്കിന് ആരംഭിക്കാവുന്നതാണ്. കാർഡ് ഉടമ യാതൊരു എതിർപ്പും കൂടാതെ അത്തരം ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഉചിതമായ ഫോറത്തിന്റെയോ അധികാരപരിധിക്ക് ഇതിനാൽ വിധേയനാകുന്നു.

കൂടുതൽ വിവരങ്ങൾക്കും പുതുക്കിയ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ലിസ്റ്റിനുമായി ദയവായി ഞങ്ങളുടെ www.axis.bank.in/kochi1 എന്ന വെബ്സൈറ്റ് സന്ദർശിക്കുക.